# ക്രൈസ്തവ
# വനിത

**ജൂലൈ - ആഗസ്റ്റ് 2016**



A fundamental Christian bi-monthly publication of the women, by the women, for the women

2016
ജൂലൈ – ആഗസ്റ്റ്

# ക്രൈസ്തവ വനിത

വാല്യം IX
ലക്കം 4

## താളുകൾ മറിക്കുമ്പോൾ


- എഡിറ്റോറിയൽ 1
- പ്രാർത്ഥനയുടെ ശക്തി 3
- ജോൺ ബെറ്റി സ്റ്റാം യുവദമ്പതികൾ (തുടർച്ച) 4
- നിയമലംഘനം – ക്രൈസ്തവ വീക്ഷണത്തിൽ 6
- ബലം ദൈവത്തിനുള്ളത് 9
- നിയമലംഘനം – ക്രൈസ്തവ വീക്ഷണത്തിൽ 10
- ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്ന യുവത്വം 13
- അവൾ തന്നാലാവതു ചെയ്തു 14
- ക്രമക്കേടുകൾ 16
- മക്കളുടെ പഠനത്തിൽ മാതാപിതാക്കളുടെ പങ്ക് 19
- അരാമിലെ അടിമപെൺകുട്ടി 22
- Quest - 49 25


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖനകർത്താക്കൾക്കാണ്. - *എഡിറ്റർ*

ലേഖനങ്ങൾ, കത്തുകൾ എന്നിവ

**ക്രൈസ്തവ വനിത, പി. ബി. നമ്പർ 3026, നാലാഞ്ചിറ, തിരുവനന്തപുരം – 695015**

എന്ന വിലാസത്തിൽ സദയം അയയ്ക്കുക

CHRISTIAN
**WOMAN**
*For private circulation only*

**Editorial Board**

Chief Editor
**Mrs. Annamma C. John**

Associate Editor
**Mrs. Mary Anchan**

Telephone: 0471-2542870
**E-mail: annjohn@gnmindia.org**
Mob: 9446548079




# ശാശ്വത ഭവനം



തിരുവചനത്തിൽ നമ്മുടെ ജീവിതഗതികളെ ഒരു കഴുകന്റെ ജീവിതത്തോട് ഉപമിച്ചിരിക്കുന്നതായി കാണാം. പക്ഷികളിൽ വച്ച് ആകാരത്തിൽ രണ്ടാമത്തെ സ്ഥാനം കഴുകനാണുള്ളത്. കാഴ്ചയിൽ യാതൊരു ആകർഷണവുമില്ല. 3 ½ മുതൽ 6 കിലോഗ്രാം വരെയും ഭാരമുള്ള ഈ പക്ഷിക്ക് ഭയാനകമായ രൂപമാണുള്ളത്. സാധാരണയായി 30 മുതൽ 50 വർഷം വരെയും ചില കഴുകന്മാർ ജീവിക്കുന്നു. ചിറകുകൾ വിടർത്തുമ്പോൾ 7 അടി നീളം വരെ ഉണ്ടായിരിക്കും. പഴയനിയമത്തിൽ വേഗത, ശക്തി, ഉയരത്തിലേക്കുള്ള ഗമനം മുതലായവയ്ക്ക് കഴുകനെ ഉപമിച്ചിരിക്കുന്നു. ബൃഹത്തായ ചിറകുകൾ വിരിച്ച് അനേകമൈലുകൾ സഞ്ചരിക്കാനും, മനുഷ്യസൃഷ്ടിക്ക് അഗോചരമായ ഉയരത്തിൽ പറന്നെത്തുവാനും കഴുകന് കഴിവുണ്ട്.

റോമാ സൈനികർ ശക്തിയുടെയും, ധീരതയുടെയും പ്രതീകമായി കഴുകന്റെ രൂപം ഉപയോഗിച്ചിരുന്നു. റഷ്യ, ഓസ്ട്രിയ മുതലായ രാജ്യങ്ങളിലെ ചക്രവർത്തിമാരും കഴുകന്റെ ചിഹ്നം ഉപയോഗിച്ചു പോന്നു. 1782-ൽ അമേരിക്കൻ ഐക്യനാടുകൾ കഴുകനെ രാഷ്ട്രീയ വിഹഗമായി (National Bird) തെരഞ്ഞെടുത്തു.

ഇത്രമാത്രം പ്രാധാന്യം ഈ പക്ഷിക്ക് നല്കുവാൻ കാരണമെന്താണ്? തിരുവചനത്തിൽ കഴുകനേക്കുറിച്ച് പ്രതിപാദിക്കുന്ന വിവിധ ഭാഗങ്ങൾ കാണുന്നു. അവയിൽ സുപ്രധാനമായ ഒരു വേദഭാഗമാണ് ആവ. 32:11. "കഴുകൻ തന്റെ കൂട് അനക്കി കുഞ്ഞുങ്ങൾക്കുമീതെ പറക്കുമ്പോലെ താൻ (യഹോവ) ചിറകുവിരിച്ച് അവനെ എടുത്ത് തന്റെ ചിറകിന്മേൽ അവനെ വഹിച്ചു. യഹോവ തനിയേ അവനെ നടത്തി". പുറപ്പാട് 19:4-ൽ "ഞാൻ മിസ്രയീമ്യരോടു ചെയ്തതും നിങ്ങളെ കഴുകന്മാരുടെ ചിറകിന്മേൽ വഹിച്ച് എന്റെ അടുക്കൽ വരുത്തിയതും നിങ്ങൾ കണ്ടുവല്ലോ". കഴുകന്റെ ചിറകിന്റെ ശക്തിയും, ധീരതയും ഇവിടെ കാണുന്നു.

മുട്ട ഇടുന്നതിനു മുമ്പു തന്നെ കഴുകൻ ചുള്ളിക്കമ്പുകളും, പച്ചിലയും ചേർത്ത് ഉയരത്തിൽ കൂട് നിർമ്മിക്കുന്നു. അങ്ങനെ നിർമ്മിച്ച കൂടിനുള്ളിൽ പക്ഷിക്കുഞ്ഞ് മാതൃപരിചരണത്തിൽ സുഖമായി കഴിയുന്നു. മാതാപിതാക്കൾ ആഹാരം കുഞ്ഞിന്റെ വായിൽ വച്ചു കൊടുക്കുന്നു. 10-12 ആഴ്ചകളോളം പക്ഷിക്കുഞ്ഞ് യാതൊരു അല്ലലും അലച്ചിലും കൂടാതെ കൂടിനുള്ളിൽ ജീവിക്കുന്നു. അനന്തരം കൂട്ടിൽ നിന്നും പുറത്തുവന്ന്, പറന്ന് സ്വന്തം ഇരയെ തേടുവാനുള്ള കാലമായി. മാതാവു തന്നെ കൂടുപൊളിച്ച് പക്ഷിക്കുഞ്ഞിനെ ഉയരത്തിൽ നിന്നും കീഴോട്ട് പതിയെ ഉന്തുന്നു. സ്വയം രക്ഷിക്കാൻ കഴിയാത്ത ആ പക്ഷിക്കുഞ്ഞ് നിലം പരിചാകാതെ, അടിയിൽ വിശാലമായി ചിറകുവിരിച്ച് കാത്തുനിന്ന മാതാവിന്റെ ചിറകിന്മേലാണ് പതിക്കുന്നത്. പക്ഷിക്കുഞ്ഞ് തനിയെ പറക്കാൻ പഠിക്കുന്നതുവരെയും, മാതാവ് ഈ രീതി ആവർത്തിക്കുകയും, ഒരുനാൾ ധൈര്യസമേതം പക്ഷിക്കുഞ്ഞ് തനിയെ പറന്നുപോകയും ചെയ്യുന്നു.

വിശ്വാസികളായ നാം സുഖസൗകര്യങ്ങളിൽ ജീവിച്ചുവരവേ, നാം ദൈവാശ്രയത്തിൽ കൂടുതലായി ഉറച്ചുനില്ക്കുന്നതിനും, ആത്മീയ ജീവിതത്തിൽ പുരോഗതി ഉളവാകുന്നതിനുമായി നമ്മുടെ കർത്താവ് ഒരു നാൾ നമ്മുടെ ഭവനമാകുന്ന ആ കൂടിനെ പൊളിച്ചു എന്നു വരാം. കഴിഞ്ഞ കാലത്ത് നാം ആശ്രയിച്ചു പോന്ന ചുറ്റു

പാടുകൾ പാടെ തകർക്കപ്പെടുമ്പോൾ, അവന് നമ്മോടുള്ള സ്നേഹപ്രകടനമാണെന്ന് നാം മനസ്സിലാക്കണം. കൂടു പൊളിക്കുന്നത് അതിലും മെച്ചമായ ഒന്ന് നമുക്ക് നല്കാനാണ്. നമ്മുടെ കർത്താവ് ദോഷമായി ഒന്നും നമുക്കു ചെയ്കയില്ല. പണനഷ്ടം, രോഗം, പ്രിയപ്പെട്ടവരുടെ വേർപാട് എന്നിങ്ങനെ പലരീതിയിലും അവൻ നമ്മുടെ സ്വസ്ഥതയ്ക്ക് ഭംഗം വരുത്തുന്നത് നമ്മുടെ നന്മയ്ക്കാണ്. പക്ഷിക്കുഞ്ഞ് അഗാധത്തിലേക്ക് തള്ളപ്പെടുമ്പോൾ മാതാവിന്റെ ചിറകുകൾ മാത്രം ആശ്രയമായിരിക്കുന്നതുപോലെ ചാരാനും, ആശ്രയിപ്പാനും നമുക്ക് ഒന്നുമില്ലാത്ത അവസ്ഥയിൽ, കർത്താവിൽ മാത്രം ആശ്രയിക്കാനുള്ള സന്ദർഭങ്ങൾ; "തന്റെ തൂവലുകൾ കൊണ്ട് അവൻ നിന്നെ മറയ്ക്കും. അവന്റെ ചിറകിൻ കീഴിൽ നീ ശരണം പ്രാപിക്കും" സങ്കീ. 91:4.

കഴുകൻ കൂടുവയ്ക്കുന്നത് ഉയരത്തിലാണല്ലോ. പൗലൊസ് കൊലൊസ്യസഭയ്ക്ക് എഴുതിയിരിക്കുന്നത്, "ഉയരത്തിലുള്ളത് അന്വേഷിപ്പിൻ" എന്നാണ്. "യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരേപ്പോലെ ചിറക് അടിച്ച് കയറും" എന്ന് യെശയ്യാ പ്രവാചകനും രേഖപ്പെടുത്തിയിരിക്കുന്നു.

കഴുകന്റെ കുഞ്ഞിന് ഏകദേശം 4 വയസ്സാകുമ്പോൾ ഇണയെ തേടുന്നു. ഇക്കാലത്ത് ചിലർ വസ്ത്രം മാറുന്നതുപോലെ ഭർത്താവിനേയും, ഭാര്യയേയും മാറിക്കൊണ്ടിരിക്കുമ്പോൾ കഴുകൻ ജീവാന്ത്യം വരെയും ഒരേ ഇണയോടൊത്ത് ജീവിക്കുന്നു. കഴുകനിൽ നിന്നും നമുക്ക് പഠിക്കാനുള്ള പ്രധാനപ്പെട്ട ഒരു പാഠമാണിത്. കഴുകനിൽ നിന്നും അനേക പാഠങ്ങൾ പഠിക്കുവാൻ നമുക്കു സാധിക്കും.

നമുക്കായി ശാശ്വതഭവനം ഒരുക്കുവാൻ നമ്മുടെ കർത്താവു പോയിരിക്കയാണല്ലോ. ഇവിടുത്തെ 'കൂട്' വെറും നശ്വരം ആണ്. ഉയരത്തിലുള്ളതിനായി ആകാംക്ഷിക്കുകയും, അതിൽ ആശ്രയം വയ്ക്കുവാനും നമുക്ക് ഇടയാകട്ടെ. നാം വീണാലും നിലം പരിചാകാതെ നമ്മെ വഹിക്കുന്ന ബലമുള്ള ഹസ്തങ്ങളിലേക്ക് വീഴാം. അവനിൽ തന്നെ ആശ്രയിക്കാം. യഹോവയെ കാത്തിരുന്നു പുതുശക്തി പ്രാപിച്ചു, കഴുകനേപ്പോലെ ഉയരത്തിലേക്കു ഗമിക്കുവാൻ കർത്താവു കൃപ ചെയ്യട്ടെ.

**മേരി അഞ്ചൻ, തുംകൂർ**
അസോസിയേറ്റ് എഡിറ്റർ

## വ്യാജഡ്രൈവിംഗ് ലൈസൻസ്സുകൾ

ഇന്ത്യയിൽ അഞ്ചുകോടി വ്യാജഡ്രൈവിംഗ് ലൈസൻസ്സുകളുണ്ടെന്ന് കേന്ദ്രമന്ത്രി ശ്രീ നിതിൻ ഗഡ്കരി. ഇത്തരം ലൈസൻസുമായി വാഹനം ഓടിക്കുന്നവർക്ക് ഒരുവർഷം ജയിൽ ശിക്ഷയും 10,000 രൂപാ പിഴയും ലഭിക്കും. പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനം ഓടിച്ചാൽ കടുത്തശിക്ഷയാണ്. വാഹനത്തിന്റെ ഉടമയോ വാഹനം ഓടിച്ച കുട്ടിയുടെ രക്ഷിതാവോ ശിക്ഷ അനുഭവിക്കേണ്ടിവരും. മൂന്നുവർഷം വരെ ജയിൽ ശിക്ഷയും 20,000 രൂപാ പിഴശിക്ഷയും നല്കും.

## വിവാഹം വൈകലിൽ കേരളം മുമ്പിൽ

കേരളത്തിലെ പുരുഷന്മാർക്കും സ്ത്രീകൾക്കും വിവാഹിതരാകാൻ തിടുക്കമില്ല. വൈകി വിവാഹിതരാകുന്ന പുരുഷന്മാരുടെ പട്ടികയിൽ രാജ്യത്ത് ഒന്നാമതാണ് കേരളം. സ്ത്രീകളുടെ പട്ടികയിൽ രണ്ടാമതും. കേരളത്തിൽ പുരുഷന്മാർ വിവാഹിതരാകുന്ന ശരാശരി പ്രായം 27.3. സ്ത്രീകളുടേത് 21.4 (മനോരമ). ബൈബിൾ പറയുന്നു: വിവാഹം മാന്യവും കിടക്ക നിർമ്മലവും എന്ന്.

# പ്രാർത്ഥനയുടെ ശക്തി



എൽസി ബേബി, ന്യൂ യോർക്ക്

നാമെല്ലാവരും പ്രാർത്ഥിക്കുന്നവരാകുന്നു. നമ്മുടെ പ്രാർത്ഥനകളെല്ലാം ദൈവം കേൾക്കുന്നുണ്ടോ? നാം പ്രാർത്ഥിക്കുന്നത് ദൈവഹിത പ്രകാരമാകുന്നുവോ? നമ്മുടെ പ്രാർത്ഥനകൾ കേവലം ജല്പനമാകുന്നില്ലേ? നമ്മുടെ പ്രാർത്ഥനകൾ വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയാകുന്നുവോ? കടുകുമണിയോളം പോലും വിശ്വാസമില്ലാത്ത പ്രാർത്ഥനയല്ലേ?. ''നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു''! നാം നീതിമാന്മാരാകുന്നുവോ? ക്രിസ്തുവിന്റെ രക്തത്താലുള്ള വീണ്ടെടുപ്പിൽ വിശ്വസിച്ച്, ദൈവകൃപയാലെ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടു നീതീകരണം പ്രാപിച്ചവരാകുന്നുവോ? അല്ലെങ്കിൽ നമ്മുടെ പ്രാർത്ഥനയ്ക്കു ഫലമുണ്ടാകയില്ല. ശ്രദ്ധയോടെയാകുന്നുവോ നമ്മുടെ പ്രാർത്ഥന? നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ശ്രദ്ധ നമ്മുടെ പ്രാർത്ഥനയിലെ ഭാഷ, ഗ്രാമർ, രീതി എന്നിവയിലാകുന്നുവോ? നമ്മുടെ ശ്രദ്ധ നമ്മുടെ പ്രാർത്ഥന കേൾക്കുന്ന കൂട്ടു വിശ്വാസികളിൽ കേന്ദ്രീകരിച്ചാകുന്നില്ലേ? നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്; അവരുടെ പ്രാർത്ഥന മനുഷ്യർക്ക് വിളങ്ങേണ്ടതിന്നാകുന്നു (മത്തായി 6:5). അതായത് ഭക്തി നടിച്ച് കാപട്യം ഉള്ളിൽവച്ചുകൊണ്ടുള്ള പ്രാർത്ഥന ദൈവം കേൾക്കയില്ല എന്നു സാരം. നമ്മുടെ പല പ്രാർത്ഥനകൾക്കും ഉത്തരം ലഭിക്കാത്തത് നാം അകൃത്യം ഹൃദയത്തിൽ കരുതിവച്ചു കൊണ്ടുള്ള പ്രാർത്ഥനയായതുകൊണ്ടാകുന്നു. സങ്കീർത്തനക്കാരൻ പറയുന്നത് "ഞാൻ എന്റെ വായ്കൊണ്ട് അവനോടു നിലവിളിച്ചു. എന്റെ നാവിന്മേൽ അവന്റെ പുകഴ്ചയുണ്ടായിരുന്നു. ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവു കേൾക്കയില്ലായിരുന്നു. എന്നാൽ ദൈവം കേട്ടിരിക്കുന്നു. എന്റെ പ്രാർത്ഥനാശബ്ദം ശ്രദ്ധിച്ചിരിക്കുന്നു. എന്റെ പ്രാർത്ഥന തള്ളിക്കളയാതെയും, തന്റെ ദയ എങ്കൽനിന്നു എടുത്തുകളയാതെയും ഇരിക്കുന്ന ദൈവം വാഴ്ത്തപ്പെടുമാറാകട്ടെ"! (സങ്കീ. 66:17-20).

നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ വായും ഹൃദയവും ഒരുപോലെ നിർമ്മലമായിരിക്കണം. ദൈവത്തെ എപ്പോഴും സ്തുതിച്ചു സ്തോത്രം ചെയ്യുന്ന അധരങ്ങളിൽ നിന്നുള്ള പ്രാർത്ഥന ദൈവം ശ്രദ്ധിക്കുന്നു. നമ്മുടെ പ്രാർത്ഥനയിൽ സ്തുതിയും, സ്തോത്രവും ഉണ്ടായിരിക്കണം. ഹൃദയങ്ങളേയും അന്തരിന്ദ്രിയങ്ങളേയും ശോധന ചെയ്യുന്ന ദൈവം നമ്മുടെ ഹൃദയങ്ങളിലേക്കെത്തിനോക്കി പരിശോധിക്കുന്നു. അവിടെ നാം ഒളിച്ചുവച്ചിരിക്കുന്ന അകൃത്യങ്ങൾ കണ്ടാൽ നമ്മുടെ പ്രാർത്ഥന ദൈവം ശ്രദ്ധിക്കയില്ല. അതുകൊണ്ടു നാം പ്രാർത്ഥിക്കുന്നതിന്നുമുമ്പ് നമ്മുടെ ശരീരാത്മദേഹികളെ ദൈവത്തിന്നു പ്രസാദമുള്ള യാഗമായി അർപ്പിച്ച് ശുദ്ധീകരണം പ്രാപിച്ച് പരിശുദ്ധാത്മനിയന്ത്രണത്തിൽ പ്രാർത്ഥിക്കുന്ന പ്രാർത്ഥനയാണ് നീതിമാന്റെ ശ്രദ്ധയേറിയ പ്രാർത്ഥന! നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞു പ്രാർത്ഥിക്കുക. നമ്മുടെ പ്രാർത്ഥനയിൽ അഗ്നി ആളിക്കത്തട്ടെ! തകർന്ന ഹൃദയങ്ങളിൽ നിന്നും ഉയരുന്ന പ്രാർത്ഥന ദൈവസന്നിധിയിൽ സുഗന്ധധൂപമായി ചെന്ന് ദൈവിക തിരുനിവാസത്തെ ചലിപ്പിക്കത്തക്കതാകട്ടെ!

പ്രിയ സഹോദരിമാരേ, പ്രാർത്ഥനാവീരയായ ലോറ്റയ്ൻ ഫുസ്കൊ എന്ന സ്ത്രീയുടെ കഥയൊന്നു ശ്രദ്ധിക്കുക. മാരകമായ കാൻസർ അവളുടെ തലച്ചോറിനെ ബാധിച്ചു.

*ശേഷം പേജ് 8 കാണുക*

# ജോൺ ബെറ്റി സ്റ്റാം ദമ്പതികൾ (തുടർച്ച)

# ഹെലൻ പ്രിസ്ക്കില്ലയുടെ അത്ഭുത വിടുതൽ

മേരി അഞ്ചൻ, തുംകൂർ

പതിവുപോലെ പകലവൻ മറഞ്ഞു. നിശയുടെ കരിനിഴലിൽ പ്രഭാതത്തിലെ ഭീകര സംഭവത്തിന്റെ സ്മരണയിൽ പലരും സ്തംഭീതരായികഴിഞ്ഞിരുന്നു. ചാരന്മാർ എല്ലായിടത്തും ഒളിച്ചു നടന്നിരുന്നതിനാൽ ആരും തന്നെ ആ സംഭവത്തെക്കുറിച്ച് ചർച്ച ചെയ്തില്ല. ആരോരുമില്ലാത്ത ഒരു കൂറ്റൻ കെട്ടിടത്തിനുള്ളിൽ ഒരു പിഞ്ചുപൈതൽ കിടന്നിരുന്നു. അതു മണിക്കൂറോളം കരഞ്ഞ്, ക്ഷീണിച്ചു ഉറങ്ങിപ്പോയി. അതിന്റെ മാതാപിതാക്കളുടെ ജഡങ്ങൾ കൊല്ലപ്പെട്ട കുന്നിൻ മുകളിൽ വീണുകിടപ്പുണ്ട്! കമ്മ്യൂണിസ്റ്റാക്രമണം ഭയന്ന് കുന്നിൻ ചരിവുകളിൽ ഒളിച്ചിരുന്ന കൂട്ടത്തിൽ സുവിശേഷകൻ ലോയും, ഭാര്യയുമുണ്ടായിരുന്നു. പട്ടാളക്കാർ ലോയേ പിടിച്ചു; മരുന്നു വില്പനക്കാരൻ ചാങ് ലോയേ തിരിച്ചറിഞ്ഞു; അയാൾ തന്റെ തൊഴിൽക്കാരനാണ്; സ്ഥലവാസിയല്ല എന്നു പറഞ്ഞ് രക്ഷിച്ചു. അയാൾ സ്വതന്ത്രനായെങ്കിലും, സ്റ്റാം ദമ്പതികളുടെ പൈതലിനെ കൊല്ലരുതെന്ന് അപേക്ഷിച്ച കാരണത്താൽ ചാങ് കൊല്ലപ്പെട്ടു.

വിദേശിയരായ ദമ്പതികളെ കൊന്ന വിവരം ലോ കേട്ടപ്പോൾ അവർ തന്റെ സ്നേഹിതരായിരുന്നു എന്നു മനസ്സിലാക്കി; എങ്കിലും ജീവനെ ഭയന്ന് ആരും അന്യോന്യം സംസാരിച്ചില്ല. ഒടുവിലായി, ആ വലിയ വീട്ടിൽ അവരുടെ പൈതൽ ഉണ്ട് എന്ന് ഒരു സ്ത്രീ ലോയോടു മന്ത്രിച്ചു. എന്തുമാകട്ടെ എന്ന തീരുമാനത്തോടെ ലോ ആ വീട്ടിനേ ലക്ഷ്യമാക്കി നടന്നു. വീടുമുഴുവൻ കൊള്ള ചെയ്തിരുന്നു. എവിടെയും ശ്മശാനമൂകത! ഒടുവിലായി ഒരു നേരിയ ശബ്ദംകേട്ടു. മുപ്പതു മണിക്കൂറോളം യാതൊരു പരിപാലനവുമില്ലാഞ്ഞ ആ ഇളം പൈതൽ കർത്തൃകരങ്ങളിൽ ഭദ്രമായിരുന്നു. മാതാവ് കുളിപ്പിച്ച് ഒരുക്കി, ഒരു കമ്പിളിപുതപ്പിൽ പൊതിഞ്ഞു വച്ചിരുന്ന അതേപടി കാണപ്പെട്ടു. ലോ ആ പൊതിക്കെട്ടുമായി പെട്ടെന്നു സ്ഥലം വിട്ടു. അതിനെ ഭാര്യയെ ഏല്പിച്ചിട്ട്, അതിന്റെ മാതാപിതാക്കളുടെ ജഡങ്ങൾ തേടിപ്പോയി. ആ ദൃശ്യത്തിൽ അയാൾ ഭയപ്പെട്ടു വിറച്ചു. ചാങിന്റെ മകന്റെ സഹായത്തോടെ രണ്ടുശവപ്പെട്ടികൾ ഉണ്ടാക്കി, പ്രാർത്ഥനാനന്തരം ശവങ്ങൾ മറവു ചെയ്തു.

അടുത്ത പട്ടണത്തിലെ ബേർച്ച് എന്ന മിഷനറിയുടെ ഭവനത്തിൽ കുട്ടിയെ എത്തിക്കുക എന്നതായിരുന്നു ലോയുടെ അടുത്ത പദ്ധതി. കുന്നിൻ ചരുവിൽ ഒളിച്ചിരുന്ന് രോഗാതുരനായ തന്റെ പൈതലിനെ ഒരു മുളയുടെ കോലിന്റെ ഒരറ്റത്തും, മറ്റേ അറ്റത്ത് ഹെലനേയും ഓരോ കുട്ടയ്ക്കകത്താക്കി പൊതിഞ്ഞ് ഒരാളെക്കൊണ്ട് എടുപ്പിച്ചുകൊണ്ട് ലോയും, ഭാര്യയും നടന്നു. വളരെ അപകടകരമായ ദൗത്യമായിരുന്നെങ്കിലും, ഹെലന്റെ കമ്പിളിക്കുള്ളിൽ അവളുടെ മാതാവ് വെച്ചിരുന്ന 5 ഡോളറിന്റെ 2 നോട്ടുകൾ അയാൾക്കു നല്കിയതിനാൽ അയാൾ തൃപ്തനായി. അവസാനം ബേർച്ചിന്റെ ഭവനത്തിൽ പൈതലിനെ സുരക്ഷിതമായി എത്തിച്ചു. ബെറ്റിയുടെ മാതാപിതാക്കൾക്ക് ഹെലനേ ലഭിച്ചത് മരിച്ചു, ഉയിർത്തെഴുന്നേറ്റ ഒരു കുഞ്ഞിനെ ലഭിക്കുന്നതുപോലെ ആയിരുന്നു. ഒരു പിഞ്ചു പൈതലിനെ ഇത്ര അത്ഭുതകരമായി സംരക്ഷിച്ച കർത്താവിന് ഇഷ്ടമായി തന്നെങ്കിൽ അതിന്റെ മാതാപിതാക്കളെ രക്ഷിപ്പാൻ കഴിയുമായിരുന്നു എന്ന് ആശ്വസിച്ചു ദൈവേഷ്ടത്തിനു കീഴ്പ്പെട്ടു?

ഈ യുവദമ്പതികളുടെ ജീവൻ നഷ്ടമായിപ്പോയോ? ഒരിക്കലുമില്ല. മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന സ്മാരകശുശ്രൂഷയിൽ (Memorial Service) 700 വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ എഴുന്നേറ്റു നിന്ന് ദൈവം തങ്ങളെ അയയ്ക്കുന്ന ഏതൊരുസ്ഥാനത്തേക്കും സന്തോഷത്തോടെ പോകാം എന്ന് പ്രതിഷ്ഠ ചെയ്തു. സ്കോട്ട് ദമ്പതികൾക്ക്

ആശ്വാസം പകർന്നുകൊണ്ട് ആസ്ത്രേലിയാ, ന്യൂസിലൻഡ്, ജർമ്മനി, അറേബ്യാ, സ്വീഡൻ, ഹോങ്കോങ്, കാനഡാ, ഇംഗ്ലണ്ട്, അമേരിക്കാ മുതലായ രാജ്യങ്ങളിൽ നിന്ന് വന്നിട്ടുള്ള എഴുത്തുകളും, ഹെലൻ പ്രിസ്ക്കില്ല എന്ന ശിശുവിന്റെ സന്ധാരണത്തിനുവേണ്ടി കുബേര, കുചേല വ്യത്യാസമെന്യെ അയച്ചുകൊടുത്തിട്ടുള്ള സഹായങ്ങൾക്കും കണക്കുണ്ടായിരുന്നില്ല.

ചൈനായിലെ ഒരു സഹപ്രവർത്തകൻ ഡോ.സ്കോട്ടിനെഴുതി. ''നാം എല്ലാവരും ഒരു നാൾ നമ്മുടെ ഭവനത്തിലേക്കു പോകും. എന്നാൽ, നിങ്ങളുടെ പ്രിയമകളും, ഭർത്താവും അഗ്നിരഥങ്ങളിലാണ് അവിടേക്കുപോയത്. ക്രിസ്തീയ സേവനത്തിലെ അവരുടെ തീക്ഷ്ണത, സാക്ഷ്യം, ജീവിതം ഇവ ഞങ്ങളുടെ നാടു മുഴുവൻ വ്യാപിച്ചിട്ടുണ്ട്. അവർ ഒരു ദിവസം കൊണ്ടു കർത്താവിനുവേണ്ടി ചെയ്തിടത്തോളം, ഒരു പക്ഷേ ഒരാൾ ദീർഘവർഷങ്ങളിൽ ചെയ്യാൻ കഴിയാതെ പോയേക്കും.'' ബെറ്റിയുടെ ഒരു സഹോദരി ഹെലൻ, "ബെറ്റിയും, ജോണും വിജയശ്രീലാളിതരായി തങ്ങളുടെ സകലവും കർത്താവിനായി സമർപ്പിച്ച ആനന്ദത്താൽ കർത്താവിന്റെ സിംഹാസനത്തിനുമുമ്പിൽ നിന്ന് സ്തുതി സ്തോത്രങ്ങൾ പാടുന്നത് ഞാൻ ദർശിക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ ഇഷ്ടപ്രകാരം നടന്ന സംഭവത്തിൽ ഞാൻ കരയാൻ പാടില്ല. എന്നാൽ "എന്റെ ഹൃദയം നിങ്ങളെ ഓർത്ത് അതിവ്യഥയിലായിരിക്കുന്നു" എന്ന് മാതാപിതാക്കൾക്ക് എഴുതി. കോളേജ് വിദ്യാർത്ഥി ആയിരുന്ന ഇളയ സഹോദരൻ എഴുതി, ''ബെറ്റിയുടെയും ജോണിന്റെയും അന്ത്യം നമ്മെ ദുഃഖസാഗരത്തിൽ മുക്കിക്കളയുന്ന ദുരന്തമായി അനേകരും ഗണിച്ചേക്കും. എന്നാൽ ഒരു ക്രിസ്ത്യാനി ആയ ഞാൻ ഇവയിലെല്ലാം ദൈവകരങ്ങൾ ദർശിക്കുന്നു. സംഭവങ്ങളുടെ അർത്ഥം ഒരുനാൾ നാം മനസ്സിലാക്കും." പ്രിൻസ്റ്റൺ സെമിനാരിയിലെ വിദ്യാർത്ഥി ആയിരുന്ന മറ്റൊരു സഹോദരൻ മാതാപിതാക്കൾക്കു എഴുതി, ''നിങ്ങളുടെ വിശ്വാസത്തിന്റെ ശക്തി അറിയാവുന്നതിനാൽ, ഈ സംഭവം നിങ്ങളെ കുലുക്കിക്കളഞ്ഞില്ല എന്ന് എനിക്കറിയാം. നമ്മുടെ കർത്താവിന്റെ കരങ്ങൾ ഇവയിലെല്ലാം കാണുന്നു. ഒരു പരീക്ഷയ്ക്കും തളർത്തുവാൻ കഴിയാത്ത ദൃഢനിശ്ചയമാണ് ക്രിസ്തു മാർഗ്ഗം! സകല ബുദ്ധിയേയും കവിയുന്ന ബുദ്ധിയുടെയും നന്മയുടെയും ഉറവിടമായ ദൈവം താൻ തന്നെ നമ്മോടുകൂടെയുണ്ട്. അവൻ നമ്മുടെ ഹൃദയങ്ങൾക്ക് ആശ്വാസമരുളട്ടെ".

എത്ര മനോഹരമായ ഒരു കുടുംബം! ദൈവേഷ്ടത്തെ ശിരസ്സാവഹിച്ച് അവനെ മഹത്ത്വപ്പെടുത്തുവാൻ കഴിവുള്ള അംഗങ്ങൾ അടങ്ങിയ ഒരു കുടുംബം മാതാപിതാക്കൾ കെട്ടിപ്പടുത്തിരുന്നു.

കോംഗോയിൽ സുവിശേഷവേല ചെയ്തുകൊണ്ടിരുന്ന ജോണിന്റെ സഹോദരൻ മാതാപിതാക്കൾക്കെഴുതി. "മുറിവുകൾ വേദനിപ്പിക്ക തന്നെ ചെയ്യും. എന്നാൽ അനേകവർഷങ്ങൾക്കുമുമ്പുതന്നെ മക്കളായ ഞങ്ങളെയെല്ലാം നിങ്ങൾ കർത്താവിനായി പ്രതിഷ്ഠിച്ചതാണല്ലോ. ഞങ്ങളുടെ ഹൃദയങ്ങൾക്കെന്നപോലെ നിങ്ങളുടെ ഹൃദയങ്ങൾക്കും അവൻ ആശ്വാസമരുളട്ടെ. അവന്റെ പരിപൂർണ്ണ ഇഷ്ടത്തിനു വിധേയരായി വിശ്രമിക്കുന്നത് എത്രയോ മനോഹരം''! എന്നിൽ ഇടറാത്തവൻ ഭാഗ്യവാൻ. കുഞ്ഞാടു പോകുന്നേടത്തൊക്കെയും അവർ അവനെ അനുഗമിക്കുന്നു. (വെളി. 14:4)

1987-ൽ ഡി.എൽ. മൂഡിയുടെ 150-ാം ജന്മദിനത്തോടനുബന്ധിച്ച് മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രസിദ്ധീകരിച്ച പ്രത്യേക ലക്കത്തിൽ (souvenir - സ്മാരകം) അവിടെ നിന്നും വിദേശങ്ങളിൽ മിഷനറിമാരായി രക്തസാക്ഷി മരണം അനുഭവിച്ച ചിലരുടെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

1934-ഡിസംബറിൽ രക്തസാക്ഷികളായി ത്തീർന്ന ജോൺ-ബെറ്റി യുവമിഷനറിമാർക്ക് പ്രത്യേക ബഹുമതി പ്രസ്താവം നല്കിയിട്ടുണ്ട്. ഇവരേപ്പോലെയുള്ള ക്രിസ്ത്യാനികൾ സ്വജീവനെ തൃണവൽഗണിക്കാനുള്ള കാരണമെന്ത് എന്ന ചോദ്യത്തോടെ അതു അവസാനിപ്പിച്ചിരിക്കുന്നു. അതേ, അതിനുള്ള കാരണമെന്താണ്? നമുക്ക് ചിന്തിക്കാം.

*ഒന്നാം സമ്മാനം ലഭിച്ച ഉപന്യാസം*

# നിയമ ലംഘനം - ക്രൈസ്തവവീക്ഷണത്തിൽ



അന്നമ്മ മാത്യു, തിരുവനന്തപുരം

അരാജകത്വം സൃഷ്ടിക്കാതിരിക്കാൻ ക്രിസ്ത്യാനി ബാദ്ധ്യസ്ഥനാകയാൽ നിയമങ്ങൾ എല്ലാം തന്നെ അനുസരിക്കണം. എന്നാൽ ദൈവിക നിയമങ്ങൾക്കു താഴെയായി മാത്രമേ സർക്കാർ നിയമങ്ങളെ പരിഗണിക്കാവൂ. നിയമങ്ങൾ ജനങ്ങളെ ചില വിപത്തുകളിൽ നിന്ന് വിലക്കുക, നിയന്ത്രിക്കുക, വഴികാട്ടുക എന്ന ധർമ്മത്തിൽ അടിസ്ഥാനപ്പെട്ടാണ് നിർമ്മിച്ചിട്ടുള്ളത്. ലംഘനങ്ങൾക്ക് സാദ്ധ്യതയുള്ള ഇടങ്ങളിൽ ആണ് നിയമത്തിനു പ്രസക്തി. സാമൂഹിക ജീവിതത്തിന്റെ ധാർമ്മിക വശങ്ങൾക്കുള്ള ചൂണ്ടുപലകയാണ് നിയമം. നിയമലംഘനത്തിന് ശിക്ഷ നല്കുന്നത്, അവ അനുസരിക്കുന്നതിന് വേണ്ടിയാണ്.

ക്രിസ്ത്യാനി രാഷ്ട്രത്തിന്റെ പൗരൻ എന്ന നിലയിൽ എങ്ങനെ ജീവിക്കണം എന്ന് റോമർ 13:1-7 ൽ പ്രതിപാദിക്കുന്നു. രാജ്യത്തിന്റെ പൗരൻ എന്ന നിലയിൽ അധികാരങ്ങളോടും ഭരണത്തോടും വിധേയപ്പെടണം എന്നാണ് റോമർ 13-ൽ പറയുന്നത്. ഭരണാധികാരികളെ ബഹുമാനിക്കയും നികുതി നല്കുകയും വേണം. അധികാരങ്ങളെ ബഹുമാനിക്കുന്നത് ഭയത്താലല്ല, മറിച്ച് അവനവന്റെ മനഃസാക്ഷി നിമിത്തം ആയിരിക്കണമെന്ന് പൗലൊസ് പറയുന്നു. അധികാരികൾക്ക് വിധേയപ്പെടുക, കീഴടങ്ങുക എന്നാണ് വിവക്ഷിക്കുന്നത്. ശരീരത്തിൽ വസിക്കുന്നവർ എന്ന നിലയിൽ നാം സാമൂഹ്യജീവികളാണ്. അങ്ങനെ വരുമ്പോൾ നാം മറ്റു സഹോദരങ്ങളോട് ബന്ധപ്പെടുമ്പോൾ അതിന്റേതാകുന്ന പരിമിതികളുണ്ട്. അവ നിയമങ്ങളാൽ നിയന്ത്രിക്കപ്പെടും. സമൂഹത്തിന്റെ നിലനില്പിനും, പുരോഗതിക്കും രാഷ്ട്രീയ ഭരണസംവിധാനം അനിവാര്യമാണ്. അതില്ലാത്ത അവസ്ഥ അരാജകത്വമാണ്. സമൂഹത്തിൽ നിയമ സമാധാനത്തിന്റെ നിലനില്പിനു വേണ്ടി ഒരോ ക്രിസ്ത്യാനിക്കും ചില കടമകളും ഉത്തരവാദിത്വങ്ങളും ഉണ്ട്. രാജ്യത്തോടുള്ള കടമകൾ നിറവേറ്റുക എന്നതു ക്രിസ്തീയ ധർമ്മം എന്ന് ബൈബിൾ വ്യക്തമായി നിർദ്ദേശിക്കുന്നു.

എന്നാൽ ക്രിസ്ത്യാനികൾ നീതിന്യായ കോടതികളിൽ കലഹങ്ങളും വിവാദങ്ങളും ആയി കയറിയിറങ്ങുന്നത് ബൈബിൾ വിരോധിക്കുന്നു. ക്രൈസ്തവർ ക്രിസ്തുവിനോടുകൂടി ലോകത്തെ ന്യായം വിധിക്കേണ്ടവരാകയാൽ, ലോകത്താൽ വിധിക്കപ്പെടുവാൻ ഇടയാകരുത് (1 കൊരി. 6:1-8). നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രെ അധീനരായിരിക്കുന്നു. അങ്ങനെ ജീവിക്കുമ്പോൾ അവസാനംവരെ ക്രൈസ്തവർ ക്രിസ്തുവിൽ വെളിപ്പെട്ട ജീവിതശൈലിക്കു വിധേയമായി വളരണം. ക്രിസ്തുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കണം. (ഫിലി. 2:5) അങ്ങനെ ജീവിക്കുമ്പോൾ ജീവിതശൈലിയിൽ നിയമങ്ങൾ ഏറ്റവും കുറച്ചു മതി. നിയമ ലംഘനത്തിന്റെ പ്രസക്തി തന്നെ ഇല്ലാതാകുന്ന ഒരു സ്ഥിതിവിശേഷം ക്രൈസ്തവരായ നമുക്ക് വന്നു ചേരുന്നു. ഇത് ഒരു ഭാഗ്യ അവസ്ഥയാണ്. ലോകത്തിന്റെ സ്രഷ്ടാവും പരിപാലകനുമായ ദൈവം എല്ലാം സൃഷ്ടിച്ചിരിക്കുന്നത് മാനവരാശിക്ക് ഒരുപോലെ അവകാശമുള്ള പിതൃസമ്പത്താണ്. ആ സ്വത്ത് മക്കൾ പരസ്പരം പങ്കിടണം. ഏദൻതോട്ടം കാക്കാനും വേല ചെയ്യാനുമല്ലാതെ ഉടമസ്ഥാവകാശം നമുക്ക് നല്കിയിട്ടില്ല. ആയതിനാൽ ദൈവദർശനം ലഭിച്ചവരായ ക്രൈസ്തവർ സ്വസഹോദരങ്ങളെ കുറിച്ച് കരുണയും ഉത്തരവാദിത്വമുള്ളവരായിരിക്കണം. നീതിബോധ

മുള്ള സമൂഹം ഉത്തരവാദിത്വബോധമുള്ള സമൂഹം ആയിരിക്കും. അവിടെ നിയമലംഘനം ഉണ്ടാകുകയില്ല.

ക്രൈസ്തവവീക്ഷണത്തിൽ രാജ്യത്തോടുള്ള കടമ നാലു പ്രധാന ഘട്ടങ്ങളാണ്. പ്രാർത്ഥിക്കുക, കൊടുക്കുക, അനുസരിക്കുക, പറയുക. (Pray-Pay-Obey-Say). സകല ഭരണകർത്താക്കളെയും, സമൂഹം മുഴുവനും സുകൃതമുള്ളവരായി തീരുവാൻ നാം പ്രാർത്ഥിക്കാൻ ബാദ്ധ്യസ്ഥരാണ്. നികുതികൾ കൊടുക്കുന്നതിൽ ക്രൈസ്തവർ വീഴ്ചവരുത്തരുത്. ഈ കാര്യത്തിൽ ദൈവമക്കൾ മറ്റുള്ളവർക്ക് മാതൃകയാകണം. പ്രത്യേകിച്ച് നികുതി വെട്ടിപ്പിനുള്ള പ്രവണത വിവിധ രൂപത്തിൽ, വിവിധ രംഗങ്ങളിൽ വർദ്ധിച്ചു വരുന്ന ഇന്നത്തെ സാഹചര്യങ്ങളിൽ, ക്രൈസ്തവ ജനത ഒഴിഞ്ഞു നില്ക്കണം. നിയമം അതിന്റെ എല്ലാ വിശദാംശങ്ങളിലും ക്രമമായി അനുസരിക്കുകയാണ് പൗരധർമ്മം. നിയമത്തെ മറികടക്കുവാനുള്ള കുറുക്കുവഴികളും, നിയമനിഷേധവും ക്രിസ്ത്യാനികൾക്ക് യോജിച്ചതല്ല.

റോഡുനിയമങ്ങളും പൊതു സ്ഥലങ്ങളിൽ പെരുമാറുന്നതു സംബന്ധിച്ചുള്ള ചട്ടങ്ങളും ക്രൈസ്തവർ ഒരു തരത്തിലും ലംഘിച്ചുകൂടാ. ഓരോ മോട്ടാർ വാഹന ദുരന്തവും കുടുംബങ്ങളെ അനാഥത്വത്തിലേക്ക് നയിക്കുന്നു. ഈ തിരിച്ചറിവോടെ ദൈവമക്കൾ ഗതാഗത നിയമങ്ങൾ അറിയുകയും അനുസരിക്കുകയും ചെയ്യണം. വളർന്നു വരുന്ന തലമുറ ഗതാഗത സംസ്കാരം ഉള്ളവരായാൽ നമ്മുടെ റോഡുകളും സുരക്ഷിത പാതകളാകും. റോഡപകടങ്ങൾ ഒഴിവാക്കാൻ താഴെ പറയുന്ന കാര്യങ്ങൾ ദൈവമക്കൾക്ക് സഹായകരമാണ്.

1. മിതമായ വേഗതയിൽ മാത്രമേ വാഹനമോടിക്കാവൂ. അമിത വേഗത അപകട സാദ്ധ്യതയും, അപകടത്തിന്റെ തീവ്രതയും അതുവഴി ജനങ്ങൾക്ക് ഉണ്ടാകുന്ന കഷ്ടനഷ്ടവും സാമ്പത്തിക നഷ്ടവും വർദ്ധിപ്പിക്കുന്നു.
2. മൊബൈൽഫോൺ ഉപയോഗിച്ച് വാഹനമോടിക്കുമ്പോൾ റോഡിലേക്കുള്ള കാഴ്ചയും, ശ്രദ്ധയും കുറഞ്ഞ് അപകടം സംഭവിക്കാം.
3. വാഹനം ഓടിക്കുമ്പോൾ മദ്യവും മയക്കു മരുന്നും ഉപയോഗിക്കരുത്. അത്യാവശ്യ സമയങ്ങളിൽ തീരുമാനങ്ങളെടുക്കാൻ മേല്പറഞ്ഞവ ഉപയോഗിച്ചാൽ ബുദ്ധിക്കും, മനസ്സിനും സാധിക്കാതെ വരും.
4. ഹെൽമെറ്റ് ധരിച്ച് വണ്ടി ഓടിച്ചാൽ തലച്ചോറിന് പരുക്കുപറ്റാനുള്ള സാധ്യത വളരെ കുറയും.
5. കാറിൽ യാത്ര ചെയ്യുമ്പോൾ സീറ്റു ബെൽറ്റ് നിർബന്ധമായും ഉപയോഗിച്ചാൽ അപകട സമയത്ത് സ്റ്റിയറിംഗിലും ഡാഷ്ബോർഡിലും തലയിടിച്ച് ഉണ്ടാകുന്ന പരുക്കിൽ നിന്നും രക്ഷപ്പെടാം.
6. നല്ല കാഴ്ചയുള്ള സ്ഥലത്ത് എതിർ വശത്തു നിന്നും വാഹനം വരുന്നില്ല എന്ന് ഉറപ്പുവരുത്തിയതിന് ശേഷമേ ഓവർടേക്ക് ചെയ്യാവൂ.
7. കാൽനട യാത്രക്കാർക്ക് മുൻഗണന നല്കി വേണം വാഹനം ഓടിക്കേണ്ടത്. അനുവദനീയമായ സ്ഥലത്ത് മാത്രമെ വാഹനം പാർക്ക് ചെയ്യാവൂ.
8. ഓരോ വാഹനത്തിനും അനുവദിച്ചിട്ടുള്ള കൂടിയ വേഗത പരിധിയിൽ കൂടുതലോ, കുറഞ്ഞ പരിധിയിൽ കുറച്ചോ വാഹനം ഓടിക്കരുത്.
9. വാഹനമോടിക്കുന്നയാൾക്ക് ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.
10. ട്രാഫിക്ക് സൈനും, ഓട്ടോമാറ്റിക് സിഗ്നലുകളും, അധികാരപ്പെട്ട ഉദ്യോഗസ്ഥർ കാണിക്കുന്ന സിഗ്നലുകളും റോഡ് ഉപയോഗിക്കുന്ന എല്ലാവരും അനുസരിക്കണം.

ആയതിനാൽ റോഡിലെ നരഹത്യ കുറയ്ക്കാൻ ക്രൈസ്തവമക്കൾ നിയമാനുസ്യതമായ വിധത്തിൽ വാഹനം ഓടിക്കുകയും യാത്ര ചെയ്യുകയും വേണം. നിയമം ലംഘിക്കാതെ, അവയെ അനുസരിക്കുകയും, വേഗത നിയന്ത്രിക്കുകയും, ശ്രദ്ധാപൂർവ്വം വാഹനം ഓടിക്കുകയും ചെയ്യണം.

ക്രിസ്തുവിശ്വാസികളിൽ ആവശ്യം വിളങ്ങേണ്ട ഗുണവിശേഷമത്രേ സൗമ്യത.

സൗമ്യതയുള്ളവർ എപ്പോഴും നിയമലംഘന ങ്ങളിൽ നിന്നും ഒഴിഞ്ഞു നില്ക്കും. മറ്റുള്ള വരിൽ നിന്ന് നന്മയും സ്നേഹവുമാണ് നാം പ്രതീക്ഷിക്കുന്നതെങ്കിൽ, കലവറ കൂടാതെ അവ നല്കുവാൻ നാം എപ്പോഴും സന്നദ്ധരാകണം. "നിങ്ങളോടു മറ്റുള്ളവർ എങ്ങനെ വർത്തിക്ക ണമെന്നു നിങ്ങൾ ഇച്ഛിക്കുന്നുവോ അങ്ങനെ അവരോടും നിങ്ങൾ വർത്തിക്കുക'' എല്ലാ ദൈവവചനങ്ങളുടേയും സാരാംശം ഇതാകുന്നു. നിയമലംഘനങ്ങൾ നടത്തി, അമിത ലാഭത്തിന്റെ മതിഭ്രമത്തിൽ അനേകർ ധനനാശങ്ങളിലും അനർത്ഥങ്ങളിലും നയിക്കപ്പെടുന്നു. ശരിയായ കഠിനാധ്വാനത്തിൽ കൂടി നേടുന്നതു മാത്രമേ നിലനില്ക്കുകയുള്ളൂ. നിയമലംഘനത്തിൽ കൂടി സമ്പാദിക്കുന്ന പ്രവണതയ്ക്ക് കടിഞ്ഞാ ണിടേണ്ടതു ജീവിതവിജയത്തിനും ഹൃദയസമാ ധാനത്തിനും ഏറ്റവും ആവശ്യമാണ്.

ചുരുക്കത്തിൽ ക്രിസ്തുവിലുള്ള ഭാവം തന്നെ നമ്മളിലും ഉണ്ടായാൽ നമ്മുടെ ജീവിത ശൈലിയിൽ നിയമങ്ങൾ ഏറ്റവും കുറച്ചുമതി. അപ്പോൾ നിയമലംഘനം എന്ന അവസ്ഥയിൽ നിന്ന് ദൈവമക്കൾക്ക് സ്വതന്ത്രരായി ജീവിക്കാൻ സാധിക്കും. എല്ലാ നിയമങ്ങളും ദൈവമക്കളായ നമുക്ക് സ്നേഹത്തിൽ അനുസരിക്കാനുള്ള കൃപ തരണമേ എന്ന് കർത്താവിനോട് പ്രാർത്ഥിക്കുന്നു. ✷

---

*3 ന്റെ തുടർച്ച **(പ്രാർത്ഥനയുടെ ശക്തി)***

അതു ശീഘ്രം വ്യാപിച്ച് നട്ടെല്ലിനെ കീഴടക്കി. അവളുടെ ശരീരമാസകലം നിശ്ചലമായി. എല്ലാ അവയവങ്ങളും തളർന്ന് താളടിയായി നിന്നു. അവളുടെ കണ്ണുകളും, അധരങ്ങളുമല്ലാതെ യാതൊന്നും ചലിക്കത്തക്കതായി ശേഷിച്ചില്ല. നിരാശമാത്രം വരുത്തുന്ന ഒരവസ്ഥ! ശ്വാസോ ച്ഛാസവും ഭക്ഷണവുമെല്ലാം കുഴലിലൂടെ മാത്രം. പരാശ്രയമില്ലാതെ യാതൊന്നും ചെയ്യാൻ കഴിയാത്ത അവസ്ഥ! ഈ അവസ്ഥയിൽ നിരാശപ്പെടാത്ത, പിറുപിറുക്കാത്ത, പരാതി പറയാത്ത, ദൈവത്തോടു ചോദ്യം ചെയ്യാത്ത ആരെങ്കിലും കാണുമൊ? പക്ഷെ ലൊറ്റയ്ൻ പരാജയം സമ്മതിച്ചില്ല. വിധിയെ പഴിച്ചില്ല. ദുരന്തത്തെ ശപിച്ചില്ല. സന്തുഷ്ടയായി അവൾ ഒന്നു മാത്രം ചെയ്തു. "പ്രാർത്ഥിക്കുക"! അവൾ ഒരു പ്രാർത്ഥനാവീരയായി മാറി. പ്രത്യാശയുടെ പ്രകാശഗോപുരമായി അവളിൽനിന്നും ദൈവിക പ്രകാശം മറ്റുള്ളവരിലേക്കൊഴുകി ചെന്നു. ആസ്പത്രിയിലായിരുന്നപ്പോൾ അവളുടെ സാക്ഷ്യവും പ്രാർത്ഥനയുംമൂലം രണ്ടുപേർ രക്ഷിക്കപ്പെട്ടു. അനേകർക്കു വേണ്ടിയുള്ള അവളുടെ ശ്രദ്ധയേറിയ പ്രാർത്ഥന ഫലവത്തായിതീർന്നു. അന്ത്യനാളുകളിൽ അവൾ പ്രാർത്ഥനയിൽ മുഴുകി. അവൾ മരണ മടഞ്ഞപ്പോൾ വളരെ ശക്തമായ ഒരു സാക്ഷ്യം അവശേഷിപ്പിച്ചിട്ട് പ്രത്യാശയോടെ താതന്റെ സന്നിധൗ അവൾ ചേർന്നു. മാരകരോഗവും കഷ്ടതകളും അവളുടെ മൺമയമായ ശരീരത്തെ കീഴ്പെടുത്തിയപ്പോൾ അവളുടെ അകത്തെ മനുഷ്യൻ ശക്തി പ്രാപിച്ചു. ഒരിക്കലും വാടിയ മുഖം അവൾ കാണിച്ചില്ല. കർത്താവിൽ എപ്പോഴും സന്തോഷിച്ചും, ഇടവിടാതെ പ്രാർത്ഥിച്ചും, എല്ലാറ്റിന്നുവേണ്ടി സ്തോത്രം ചെയ്തും ഒരു കൈത്തിരിപോലെ എരിഞ്ഞു പ്രകാശിച്ചു. "നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതു ദൈവത്തിനു പ്രസാദം" (1 പത്രൊസ് 2:20).

പ്രിയ സഹോദരിമാരേ, നമ്മുടെ വേദനകളിൽ, കഷ്ടതകളിൽ, മാരകരോഗങ്ങ ളിലെല്ലാം നമ്മുടെ നാവിൽ നിന്നും സ്തുതി കളുയരട്ടെ! പ്രാർത്ഥനയിൽ പോരാടുവാനുള്ള അവസരമായി കരുതാം. നമ്മുടെ കഷ്ടതകളും, രോഗങ്ങളും മാറ്റുവാൻ വേണ്ടിയല്ല, അവയി ലൂടെ നല്ല സാക്ഷ്യമുള്ളവരായി പിറുപിറു ക്കാതെ സന്തോഷിച്ചാനന്ദിച്ചു ദൈവത്തിന്നു മഹത്ത്വം കൊടുപ്പാനും അനേകർക്കുവേണ്ടി പ്രാർത്ഥിപ്പാനും, സാക്ഷിപ്പാനും നമുക്കിട യാകട്ടെ! നാം ഈ ലോകം വിട്ടുപോയാലും നമ്മുടെ ജീവിതമാതൃക, വിശ്വാസം, പ്രാർത്ഥന, പ്രവൃത്തികളെല്ലാം മറ്റുള്ളവർക്കനുകരിപ്പാൻ തക്കസാക്ഷ്യമായി നിലനിർത്തുവാനിടയാ കണം. അതിന്നായി കർത്താവു നമ്മെ സഹായിക്കട്ടെ. ✷

# ബലം ദൈവത്തിനുള്ളത്

ജെസി ബെൻസെൻ, കൊച്ചി



ദൈവം ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കുന്നുവെന്ന് പാടുന്നതിനുമുമ്പെ ദാവീദ് ദൈവശബ്ദം കേട്ടതായി വെളിപ്പെടുത്തുന്നു. “ബലം ദൈവത്തിനുള്ളതെന്നു ദൈവം ഒരിക്കൽ അരുളിചെയ്തു. ഞാൻ രണ്ടു പ്രാവശ്യം കേട്ടുമിരിക്കുന്നു. കർത്താവേ, ദയയും നിനക്കുള്ളതാകുന്നു. നീ ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കുന്നു” (സങ്കീ. 62:11,12) എന്നിങ്ങനെയാണ് ദാവീദ് പാടുന്നത്.

ബലം ദൈവത്തിനുള്ളതെന്ന് ദൈവം ഒരിക്കൽ അരുളിചെയ്യുകയും ദാവീദ് അത് രണ്ടുപ്രാവശ്യം കേൾക്കയും ചെയ്തപ്പോഴാണ് അവൻ ‘കർത്താവേ ദയയും നിനക്കുള്ളതാകുന്നു’ എന്നു ഏറ്റുപറഞ്ഞത്. ദൈവത്തെ നോക്കി മൗനമായിരിക്കയും ദൈവശബ്ദത്തിനായി കാതോർക്കയും ചെയ്ത ദാവീദിനോടാണ് ദൈവം ബലം ദൈവത്തിനുള്ളതെന്നു അവകാശപ്പെട്ടത്. ബാലനായിരിക്കെ സിംഹത്തെയും കരടിയെയും ഒറ്റയ്ക്കു നേരിട്ട തന്റെ ബലത്തെക്കുറിച്ച് ദാവീദ് ഒന്നും പറയുന്നില്ല. മല്ലനായ ഗോല്യാത്തിനെ കൊന്ന് ഒറ്റയ്ക്കു യിസ്രായേലിനെ രക്ഷിച്ച അവന്റെ ബലത്തെക്കുറിച്ച് ദൈവവും ഒന്നും പറയുന്നില്ല. ദൈവത്താൽ അഭിഷിക്തനാകുന്നതിനുമുമ്പെ തനിക്കുണ്ടായിരുന്ന ആത്മബലത്തിൽ ആശ്രയിക്കുവാനല്ല, ദൈവത്തിന്റെ ബലമുള്ള കൈകീഴെ താണിരിക്കുവാനാണ് അവനു മാർഗ്ഗനിർദ്ദേശം ലഭിച്ചത്. ദാവീദ് താൻ തന്നെ പ്രതികരിക്കയോ പ്രതികാരം ചെയ്കയോ വേണ്ടെന്നും ബലം തനിക്കുള്ളതാണെന്നുമാണ് ദൈവം അരുളിചെയ്തത്.

ദാവീദ് തന്റെ ബലം ഉപയോഗിച്ചിരുന്നത് ആക്രമണത്തിലൂടെയും ബലപ്രയോഗത്തിലൂടെയും കുതന്ത്രങ്ങളിലൂടെയുമൊക്കെ ആയിരുന്നു. എന്നാൽ ഒരു ബലഹീനനെപോലെ ബലം ദൈവത്തിനുള്ളതെന്ന് കേട്ടും ഗ്രഹിച്ചും ദൈവത്തിന്റെ ബലമുള്ള കൈക്കീഴെ താണിരുന്നപ്പോഴാണ് കർത്താവേ ദയയും നിനക്കുള്ളതാണെന്ന് ദാവീദ് തിരിച്ചറിഞ്ഞ് ഏറ്റുപറയുന്നത്. ബലം ദൈവത്തിനുള്ളതെന്ന് ദൈവം ഒരിക്കൽ അരുളിചെയ്തതു അവൻ ചെവികൊണ്ട് കേട്ടതുകൂടാതെ അത് ആത്മാവിൽ പ്രതിധ്വനിച്ച് പരിവർത്തിച്ചുകൊണ്ടിരുന്നതിനാലാണ് ദയയും നിനക്കുള്ളതാണെന്ന് ഏറ്റുപറയുവാൻ ദാവീദിന് കഴിഞ്ഞത്.

താൻ പ്രതികാരം ചെയ്‌വാൻ വാഞ്ഛിക്കുന്ന വ്യക്തിയോട് ദൈവം ദയ കാണിക്കുന്നുവെന്ന് വന്നാൽ ദൈവശബ്ദം രണ്ടുപ്രാവശ്യം കേൾക്കുന്നവർക്കേ അത് ഉൾക്കൊള്ളുവാൻ കഴിയൂ. തന്റെ ജനത്തെ കൊന്നുമുടിക്കുവാനും കൊള്ളയടിക്കുവാനും രാജമുദ്രയിട്ട വിധി പുറപ്പെടുവിച്ച ഹാമാനെ വിരുന്നിനു വിളിക്കുവാൻ എസ്ഥേറിനു ദൈവകൃപ കൂടിയേ തീരൂ. തന്നെ പിടിച്ചുകെട്ടുവാൻ എത്തിച്ചേർന്ന അരാമ്യസൈന്യത്തിന് വലിയൊരു വിരുന്നൊരുക്കുവാൻ കല്പിച്ച എലീശയും ബലത്തിലൂടെയല്ല, ദയയിലൂടെ പ്രതികരിക്കുന്നതിന് മാതൃക കാണിക്കുന്നു. “നിന്റെ ശത്രുവിനു വിശക്കുന്നു എങ്കിൽ അവനു തിന്മാൻ കൊടുക്ക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക; അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും” (റോമ. 12:20).

അനേക വിഷയങ്ങളോടുള്ള ബന്ധത്തിൽ നാം ബാഹ്യമായി ദൈവശബ്ദം കേൾ

*ശേഷം പേജ് 12 കാണുക*

*രണ്ടാം സമ്മാനം ലഭിച്ച ഉപന്യാസം*

# നിയമ ലംഘനം - ക്രൈസ്തവവീക്ഷണത്തിൽ



എൽസി തോമസ്, കണ്ണൂർ

എന്താണ് നിയമലംഘനം എന്നു പറയുന്നത്? പിതാവാം ദൈവം നല്കിയ കല്പനയ്ക്കു വിരോധമായി മനുഷ്യൻ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളെയും നിയമലംഘനമെന്നു വിളിക്കാം. ഭൂമിയിൽ ആരാണ് ആദ്യമായി നിയമലംഘനം നടത്തിയത്? ആദി മാതാപിതാക്കൾ. ഇന്നും നിയമലംഘനത്തിന്റെ പരമ്പര തുടരുന്നതിന്റെ കാരണമെന്ത്? ആദാമ്യ പാപശക്തി മനുഷ്യരിൽ വാഴുന്നിടത്തോളം അവരുടെ സംസാരം, പ്രവൃത്തി, ചിന്താഗതി, നോട്ടം, കൊടുക്കൽ വാങ്ങൽ, നിരൂപണങ്ങൾ ഇവ പാപമുള്ളതാകുന്നു. തന്മൂലം നിരന്തരമായി നിയമലംഘനം നടത്തിക്കൊണ്ടിരിക്കുന്നു.

എന്നാൽ പഴയനിയമത്തിൽ ദൈവം നമുക്കായി നിയമങ്ങളെ വെച്ചു. പുതിയനിയമത്തിൽ അത് എന്തിനെന്നു ബോദ്ധ്യപ്പെടുത്തിത്തന്നു. നാം അറിഞ്ഞിരിക്കണം മനോഹരങ്ങളായ വാക്കുകളിലും വാഗ്ദാനങ്ങളിലുമല്ല ക്രിസ്തീയത അടങ്ങിരിക്കുന്നത്. പ്രത്യുത അത് പ്രവൃത്തിയിലാണ്. ഒരു തെറ്റിൽ വീണുപോകുന്നതല്ല പ്രശ്നം; അത് തിരിച്ചറിഞ്ഞ് എപ്രകാരം പ്രതികരിക്കുന്നുവെന്നുള്ളതാണ്. വിശുദ്ധജനം ദൈവത്തോടൊപ്പം നടക്കുന്നവരും വെളിച്ചത്തിന്റെ മക്കളുമാണ്.

ഒരു ദൈവപൈതൽ നിയമലംഘനം നടത്തി പാപത്തിൽ വീണുപോയാൽ ഹൃദയം കൊണ്ട് അനുതപിക്കുകയാണെങ്കിൽ വീണ്ടും ദൈവത്തിന്റെ സ്നേഹവാത്സല്യത്തിൽ കഴിയാമെന്നുള്ളതിന്റെ ഉത്തമമാതൃകയാണ് സങ്കീർത്തനക്കാരൻ ദാവീദ്. ദൈവമന്ദിരം നശിപ്പിക്കുന്ന പ്രവണതകളെ തിരിച്ചറിഞ്ഞ് മടങ്ങിവരവിനും ശുദ്ധീകരണത്തിനും നാം തയ്യാറാകണം.

ഒരു ദൈവപൈതലിന് വിശ്വസിക്കേണ്ട വാഗ്ദാനങ്ങളും പ്രഖ്യാപനങ്ങളുമുണ്ട്. അതു നാം ഉൾക്കൊണ്ടാൽ മതി. എന്നാൽ അനുസരിക്കേണ്ട കല്പനകൾ ഉൾകൊണ്ടാൽ പോരാ അത് അനുസരിക്കണം. കല്പനകളെ ഇച്ഛകൊണ്ട് അനുസരിക്കണം. അനുസരിക്കേണ്ടവയെ കേവലം വിശ്വസിച്ചു തൃപ്തിയടയരുത്. ഉദാ. ലോകത്തേയും ലോകത്തിലുള്ളതിനേയും സ്നേഹിക്കരുത്. ഈ കല്പന വിശ്വസിക്ക മാത്രമല്ല വിശ്വാസത്തിനനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുകയും ചെയ്യണം. ഒരു ദൈവപൈതലിന്റെ സംതൃപ്തിയും സന്തോഷവും ആത്മീയ മുന്നേറ്റത്തിലാണ്. ഭൗതിക സമൃദ്ധിയിൽ സന്തോഷിച്ച് തൃപ്തിയടയുന്നത് ലക്ഷ്യം തെറ്റിയവരുടെ ലക്ഷണമാണ്.

ഇന്ന് പുതുമതേടിയുള്ള ഓട്ടത്തിനിടയിൽ പഴമയുടെ പല നന്മകളും അവഗണിക്കുന്നത് മനുഷ്യരുടെ പ്രത്യേകതയാണ്. വെട്ടിപ്പിടിക്കാനും, കീഴ്പ്പെടുത്തുവാനും, സ്വന്തമാക്കുവാനുള്ള വ്യഗ്രത നമ്മെ നിയമലംഘനത്തിന് പ്രേരിപ്പിക്കുന്നു. നമ്മുടെ ആനന്ദത്തിനും, സുഖത്തിനും നാം കണ്ടെത്തിയ സങ്കേതങ്ങൾ പലതും തിന്മയുടെ പാതകളാണെന്ന് തിരിച്ചറിയാനാകാത്തതുമൂലം കൂടുതൽ ന്യായവാദങ്ങൾ പറഞ്ഞു നമ്മുടെ ചെയ്തികളെ മഹത്ത്വവൽക്കരിക്കുകയാണ് ദൈവജനം.

ഇന്നു ലോകത്തിൽ വിജയിക്കണമെങ്കിൽ പലതും ചവിട്ടിമെതിക്കണം. വ്യത്യസ്തരാകാൻ പുതുവഴി തേടി നടക്കണം. വ്യക്തിപരമായ സമ്പത്തും, പ്രതാപങ്ങളും സ്വന്തമാക്കണമെങ്കിൽ നിയമലംഘനം നടത്തണം. ഇന്ന് ക്രിസ്ത്യാനികൾക്ക് വേഷത്തിലും വാക്കുകളിലും വിശുദ്ധിയുടെ പരിവേഷമെന്ന നാട്യം

മാത്രമാണ് കൈമുതലായിട്ടുള്ളത്. അധരം കൊണ്ട് ക്രിസ്തുവിനെ ബഹുമാനിക്കുന്നു. ഹൃദയംകൊണ്ട് അവങ്കൽ നിന്നകലുകയും ചെയ്യുന്ന വിഭാഗമായി മാറിയിരിക്കുന്നു.

സംതൃപ്തവും സുരക്ഷിതവുമായ കുടുംബാന്തരീക്ഷത്തിൽ വളർന്നു വരുന്ന ഒരു ദൈവപൈതലിന് അനിയന്ത്രിതമായ അധാർമ്മികതയിലേക്ക് എടുത്തു ചാടാൻ കഴിയില്ല. മറിച്ച്, താത്ക്കാലിക ലാഭത്തിനോ, സുഖത്തിനോ വേണ്ടി എന്തും ചെയ്യാമെന്നുള്ള മനോഭാവമാണ് കുടുംബത്തിൽ നിന്നു ലഭിച്ചതെങ്കിൽ ആർക്കും തടയാനോ നന്നാക്കാനോ സാധിക്കില്ല. നിർമ്മല മാന സൻ നിഷ്പക്ഷമായി സത്യം തേടുന്നവനായി രിക്കും. എഫെ. 5:17 –ൽ ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഹിതം ഇന്നതെന്ന് ഗ്രഹിച്ചു കൊൾവിൻ. യിരെമ്യാപ്രവചനത്തിൽ ദൈവപൈതൽ തൃപ്തരാകുന്നവരുടെ കൂട്ടത്തിലുള്ളവരാണെന്നു പഠിപ്പിക്കുന്നു. ദാവീദ് ദൈവത്തിന്റെ ഹൃദയപ്രകാരമുള്ളവനായത് ദൈവയിഷ്ടം ചെയ്യുന്നതിൽ അവൻ പ്രിയപ്പെട്ടു എന്നതു കൊണ്ടാണ്. (സങ്കി. 40:8)

ഏതെല്ലാം മേഖലകളിൽ നാം നിയമലംഘനം നടത്തുന്നു? ഭവനങ്ങളിൽ ദൈവം വച്ച വിവാഹ ഉടമ്പടി കാറ്റിൽ പറത്തി നിയമലംഘനം നടത്തുന്നു. സർക്കാരിനെ കബളിപ്പിച്ച് സ്വയം സമ്പന്നനാകുന്നു. എല്ലാ നിയമങ്ങളും അറിയാമെങ്കിലും അതിനെതിരെ നിയമലംഘനം നടത്തി കുടുംബത്തിനും, സമൂഹത്തിനും, നാടിനും ശാപമാകുന്നു. സാമ്പത്തികമേഖല അർഹതപ്പെട്ടവനെതിരെ നിയമലംഘനം നടത്തി അധികാരം ദുർവിനിയോഗം ചെയ്യുന്നു. എന്നാൽ സമ്പത്ത് നമ്മുടെ യജമാനൻ ആകാൻ സമ്മതിക്കരുത്. അത് അനീതിയിലേക്കും അന്യായത്തിലേക്കും നമ്മെ വഴി നടത്തും .

നാം ലക്ഷ്യം വിസ്മരിച്ചും അവഗണിച്ചും മാർഗ്ഗങ്ങൾക്ക് പ്രാധാന്യം കല്പിക്കയും വിപുലീകരിക്കയുമരുത്. വ്യക്തമായ ലക്ഷ്യബോധവും സംശുദ്ധമായ കർമ്മപദ്ധതിയും ഓരോ ദൈവപൈതലിനും കൈമുതലാകട്ടെ. നമ്മുടെ ആന്തരികസ്വസ്ഥതയും ജീവിത സന്തോഷവും പ്രധാനമായി എന്തിനെയാശ്രയിച്ചിരിക്കുന്നു? ഒരു പക്ഷേ സമ്പത്താകാം, സ്ഥാനമാനങ്ങളാകാം ഇതൊക്കെയും നേടുന്നത് നിയമലംഘനത്തിലൂടെയാകരുത്. പൗലൊസ് നമ്മോടു പറയുന്നു, 'സഹോദരന്മാരേ, സത്യമായതും, വന്ദ്യമായതും, നീതിയുക്തമായതും, നിർമ്മലമായതും, ശ്രേഷ്ഠമായതും, വിശിഷ്ടമായതും, പ്രശംസാർഹമായതും എന്തൊക്കെയുണ്ടോ അതിനെക്കുറിച്ച് ചിന്തിച്ചുകൊൾക'.

മനുഷ്യനെ രൂപാന്തരപ്പെടുത്തുവാൻ വേദപുസ്തകംപോലെയൊന്നില്ല. വേദപുസ്തകം പറയുന്നു ആകൃതിയിൽ ഭംഗി, കാഴ്ചയിൽ ആകർഷണീയതയുള്ള മൃഗമാണ് പേടമാൻ. ഇത് ദൈവപൈതലിന്റെ ഈ ലോകത്തിലെ വേർപാടു കാണിക്കുന്നു. ഈ മൃഗത്തിന്റെ പ്രത്യേകത അഴുക്കുചാൽ കണ്ടാൽ സ്വയം മലിനമാകാൻ അനുവദിക്കാതെ അകന്നു മാറുന്നു. പാപത്തോട് പോരാടുന്നതിൽ പ്രാണത്യാഗത്തോളം എതിർത്തുനില്ക്കുന്നു. ഇത് ദൈവപൈതലിന്റെ ആത്മ വീര്യത്തെ കാണിക്കുന്നു. ഈ ലോകത്തിലെ പാർശ്വദൃശ്യങ്ങളിൽ പരിഭ്രമിച്ച് നിരവധിപേർ നിയമലംഘനം നടത്തി ലക്ഷ്യം മറന്നു നില്ക്കുകയാണ്. എന്നാൽ ജീവിക്കുന്ന ദൈവപൈതൽ ലക്ഷ്യത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കും. പേടമാൻ ഒതുക്കവും അടക്കവുമുള്ള മൃഗമത്രേ. ദുർഘടവനത്തിലൂടെ ഓടുവാൻ കഴിയും. ഏകാന്തത ഇഷ്ടപ്പെടുന്നു. ഇത് ദൈവപൈതലിന്റെ ദൈവിക സാന്നിദ്ധ്യത്തെ കുറിക്കുന്നു. ഓരോ ദിനവും ദൈവികസാന്നിദ്ധ്യം അനുഭവിച്ച് ലക്ഷ്യത്തിലേക്ക് മുന്നേറാം.

ഇന്ന് ജീവിതത്തിൽ നാമനുഭവിക്കുന്നത് ഊഷ്മളമെങ്കിലും പ്രകടനാത്മകമായ ബന്ധശൈലിയാണ്. ഇവിടെ ആത്മാർത്ഥതയും ആഴവുമില്ലാ. എല്ലാവരോടും തന്ത്രപരമായ രീതി ഇത് കുളിർമ്മ നല്കുന്നുവെന്നു സത്യം. ഇതുമുതലെടുത്ത് സർക്കാരിനെ കബളിപ്പിച്ച് ധനാഢ്യരാകുന്നു ചിലർ. ഇങ്ങനെയുള്ള നിയമലംഘനംമൂലം സർക്കാരിന് നഷ്ടമുണ്ടാകുന്നു. അത് നമ്മെ എല്ലാവരെയും ബാധിക്കുന്നുവെന്നുള്ള സത്യം മറന്നുപോകരുത്.

എന്താണ് നിയമലംഘനത്തിന്റെ ഭവിഷ്യത്തുകൾ? പ്രിയ ദൈവമക്കളേ, ദൈവം നമ്മെ ആക്കിവച്ചിരിക്കുന്ന സ്ഥാനങ്ങൾ, ഔദ്യോഗികമണ്ഡലങ്ങളാകാം, ഗൃഹസ്ഥ മാകാം, അധികാരസ്ഥാനത്താകാം നമ്മുടെ ഉത്തരവാദിത്വങ്ങൾ മറന്ന് നിയമലംഘനം നടത്തിയാൽ അത് പാപത്തിലേക്കും, പാപഗർ ത്തത്തിലേക്കും നമ്മെ തള്ളിയിടുമെന്ന് ദാവീ ദിന്റെ പതനം മുന്നറിയിപ്പ് നല്കുന്നു. ദൈവ ത്തെ അനുസരിക്കുന്നുവെന്ന ഭാവേന സ്വാർത്ഥ ഭാവങ്ങൾക്കും, സ്ഥാനമാനങ്ങൾക്കുമുള്ള പരക്കം പാച്ചിലിൽ സ്വന്തം ന്യായീകരണങ്ങ ളിലൂടെ ദൈവഹിതം മറന്നു പ്രവർത്തിക്കു മ്പോൾ തങ്ങൾ നിയമലംഘനമാണ് നടത്തുന്ന തെന്ന് മറന്നുപോകുന്നവരോട് ബിലെയാമിന്റെ ദാരുണമായ അന്ത്യം സംഖ്യാ. 31:8 മുന്നറിയിപ്പ് നല്കുന്നു. ആഖാനെപ്പറ്റി വേദപുസ്തകം പറയുന്നത്, തെറ്റാണെന്നറിഞ്ഞുകൊണ്ടുതന്നെ പാപം ചെയ്തു, കുഴിച്ചിട്ടു. തിക്തഫലം കുടംബ ത്തെയും, സമൂഹത്തെയും എങ്ങനെ ബാധിക്കു ന്നുവെന്ന് യോശുവ 7:11 പറയുന്നു. ഓരോ നിയമലംഘനവും നമ്മോടു ബന്ധപ്പെട്ടവർക്കും ബാധകമാണ്.

ദൈവമക്കളേ, സമുന്നതമായ സാമൂഹ്യ ബന്ധങ്ങളുടെയും, ഭൗതിക സുഖങ്ങളുടെയും രാജവീഥിയിലേക്ക് നടന്നടുക്കുമ്പോൾ നിയമ ത്തിന്റെ അതിർവരമ്പ് തകർത്ത് പാപത്തിന്റെ ഗർത്തത്തിലേക്ക് വീഴുന്നതറിയാതെ നടന്നു നീങ്ങുകയാണെന്നു മറക്കരുത്. ദൈവമക്കളായ നമ്മൾ ഇതിനെതിരെ എന്തുനിലപാട് സ്വീകരിക്കണം? പാപത്തിന്റെ പ്രലോഭനങ്ങളിൽ വീണുപോകാതെ വിശുദ്ധിയോടും വിശ്വസ് തതയോടും കൂടി ഏല്പിച്ച ഉത്തരവാദിത്വം നിറവേറ്റുമ്പോൾ യോസേഫിനെപ്പോലെ പറയാൻ സാധിക്കും യഹോവ കൂടെയിരുന്ന് വഴി നടത്തുന്നവനാണെന്ന്. യോസേഫ് സത്യത്തിന്റെയും ധർമ്മത്തിന്റെയും പാത ഉപേക്ഷിച്ചില്ല.

ജീവിതത്തിന്റെ എല്ലാ മേഖലകളിലും ദൈവം വച്ച നിയമങ്ങളും രാജ്യം വച്ചിരിക്കുന്ന നിയമങ്ങളും അനുസരിച്ച് വ്യക്തിപരമായി ആത്മികയർത്ഥങ്ങളിൽ ചിട്ടയോട് അനുസരി ച്ചാൽ നല്ലവനും വിശ്വസ്തനുമായ ദാസനേ എന്നുള്ള വിളി കേൾക്കാം. നമുക്ക് ആർജ്ജവത്തോടൊപ്പം വിവേകപൂർവ്വമായ തിരിച്ചറിവും ജീവിതവിജയത്തിന് ആവശ്യമാണ്. എല്ലാ മേഖലകളിലും നിയമാനു സൃതമായി ജീവിക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരെയും സഹായി ക്കുകയും അനുഗ്രഹിക്കുകയും ചെയ്യട്ടെയെന്നുള്ള പ്രാർത്ഥനയോട് നിർത്തുന്നു.

---

*9 ന്റെ തുടർച്ച (**ബലം ദൈവത്തിനുള്ളത്**)*

ക്കുന്നുണ്ട്. ദൈവവചനം നാം ധാരാളമായി കേൾക്കയും വായിക്കയും ധ്യാനിക്കയും ചെയ്യുന്നുണ്ട്. എന്നാൽ അവയൊന്നും അന്തരാത്മാവിൽ പ്രതിധ്വനിക്കയും പരിവർ ത്തിച്ചുകൊണ്ടിരിക്കയും ചെയ്യുന്നില്ലെങ്കിൽ എങ്ങനെ പ്രതികരിക്കണമെന്നോ എങ്ങനെ പെരുമാറണമെന്നോ അറിയാതെ നാം സ്വന്ത ബലത്തിലും സ്വന്തവിവേകത്തിലും ഊന്നി പ്രവർത്തിക്കുന്നവരായിത്തീരും.

ബലവും ശക്തിയും പ്രതികാരവും ദൈവത്തിനുള്ളതാണ്. മഹത്ത്വവും ബഹുമാ നവും പുകഴ്ചയും ദൈവത്തിനുള്ളതാണ്. എന്നാൽ സ്വന്തബലത്തിലും, ശക്തിയിലും വിവേകത്തിലുമൂന്നി പ്രവർത്തിക്കുമ്പോൾ ദൈവത്തിനുള്ളത് നാം കവർച്ചചെയ്യുകയാണ്. ദൈവത്തിനു നല്കേണ്ട മഹത്ത്വവും ബഹുമാനവും നാം സ്വായത്തമാക്കുകയാണ്. സ്വന്തബലത്തിൽ പുകഴുകയും സ്വന്തകഴിവിൽ പ്രശംസിക്കയുമാണ്.

എന്റെ ബലമായ യഹോവേ എന്ന് ദാവീദ് ദൈവത്തെ അഭിസംബോധന ചെയ്യു മ്പോൾ അവൻ ദൈവസന്നിധിയിൽ ബലഹീ നനായി തന്നെത്താൻ ഏല്പിച്ചു കൊടുക്കുക യാണ്. തനിക്കു ഒന്നിനും കഴിവില്ലെന്നു സമ്മതിച്ച് ഏറ്റുപറയുകയും ദൈവത്തിന്റെ ദയയ്ക്കായി കാത്തിരിക്കയുമാണ്. അത്തരം ഒരു സമർപ്പണമാണ് നമുക്കും ആവശ്യം.

# ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്ന യുവത്വം



ഷീന ജയകുമാർ

ഒരു വ്യക്തി ബാല്യ-കൗമാരങ്ങൾ പിന്നിട്ടു വരുന്ന അവസ്ഥയാണ് യുവത്വം. ജീവിതത്തിന്റെ ഏറ്റവും സുന്ദരവും എന്നാൽ ഒരുപാട് വെല്ലുവിളികൾ നേരിടേണ്ടിവരുന്ന തുമായ ഒരു കാലഘട്ടം. പുതിയൊരു പാത തുറക്കുവാൻ വെമ്പൽകൊള്ളുന്ന യുവത്വം. അവരുടെ മനസ്സിൽ വിടരുന്ന ഓരോ ചിന്തകൾക്കും പുതുമയുണ്ടാവും. അവരുടെ മനസ്സിൽ വിടരുന്ന ചിന്തകൾ ചിലപ്പോൾ ഒരു സാമൂഹികമാറ്റത്തിലേക്ക് തന്നെ വഴിതെളി ച്ചേക്കും. പുതിയ കാര്യങ്ങൾ അറിയുവാനും തങ്ങൾ ആഗ്രഹിക്കുന്ന മാറ്റങ്ങൾ സമൂഹത്തിൽ വരുത്തുവാനും ആഗ്രഹിക്കുന്നവരാണ് ഓരോ യുവത്വവും. അവരാണ് സമൂഹത്തിൽ മാറ്റ ത്തിന്റെ ചാലകശക്തികളാകുന്നത്.

ഒരു കുടുംബം എന്നതുപോലെ ഒരു സമൂഹവും ഒരുപാട് ഉത്തരവാദിത്വങ്ങൾ യുവാക്കളിലേക്ക് ഏല്പിക്കുന്നുണ്ട്. വളരെ ഊർജ്ജസ്വലതയോടും ശക്തിയോടും കൂടെ കാര്യങ്ങൾ ചെയ്യുവാൻ യുവാക്കൾ സന്നദ്ധ രാണ്. ഒരുപാട് ഉത്തരവാദിത്വങ്ങൾ അവരി ലേക്ക് എത്തുമ്പോഴും പിൻതിരിയാതെ എന്തിനും മുന്നിൽ നില്ക്കുന്നവരാണ് യുവാക്കൾ. എന്നാൽ ഈ ഉത്തരവാദിത്വങ്ങളിൽ നിന്നും പിന്തിരിഞ്ഞോടുന്നവർ ചുരുക്കം ചിലർ മാത്രം. ഈ ഉത്തരവാദിത്വങ്ങൾ നാം എങ്ങനെയാണ് നിറവേറ്റേണ്ടത്? നമ്മുടെ ഉത്തരവാദിത്വങ്ങൾ നാം നിറവേറ്റണ്ടത് യേശുക്രിസ്തുവിന്റെ മാതൃക പിൻതുടർന്നുകൊണ്ടാവണം. ക്രിസ് തുവിൽ വെളിവായ സ്നേഹസുവിശേഷം ആവണം നമ്മുടെ ഓരോ പ്രവർത്തനങ്ങളിലും പ്രതിഫലിക്കേണ്ടത്. നമുക്കു പരിചിതമായ ചുറ്റു പാടുകളിൽ മാത്രം ഒതുങ്ങി നില്ക്കാതെ മാറ്റം ആഗ്രഹിക്കുന്ന ഓരോ യുവത്വവും ആ മാറ്റം എവിടെയും പ്രതിഫലിപ്പിക്കുവാൻ ശ്രമിക്കും. സമൂഹത്തിൽ പ്രശസ്തി നേടുവാനോ മറ്റെ ന്തെങ്കിലും നേട്ടങ്ങൾക്കു വേണ്ടിയോ സമൂഹ ത്തിൽ മുൻനിരയിൽ നിന്ന് ഉത്തരവാദിത്വങ്ങൾ പൂർത്തികരിക്കുന്നവർ ആകാതെ എല്ലാവരെയും ഒന്നായി കാണുവാൻ നമുക്കു കഴിയണം. ഒരിക്കലും ഭൗതികതലത്തിൽ മാത്രം ഒതുങ്ങി നില്ക്കാതെ ഒരു ക്രിസ്തീയ യുവത്വം എന്ന നിലയിൽ സമൂഹത്തിലെ അശരണരെയും, പാവ പ്പെട്ടവരെയും രോഗികളെയും എല്ലാം ചേർത്തു നിർത്തികൊണ്ട് നമ്മുടെ പ്രവർത്തനങ്ങൾ ചെയ്യുമ്പോഴാണ് നമ്മുടെ ഉത്തരവാദിത്വങ്ങൾ പൂർണ്ണമാകുന്നത്.

> നമ്മുടെ കുടുംബത്തിനും സമൂഹത്തിനും ഒരു പക്ഷേ ഏറ്റവും വിലയേറിയ മുത്തു കളാവും നമ്മുടെ യുവത്വം.

നമ്മുടെ കുടുംബത്തിനും സമൂഹ ത്തിനും ഒരു പക്ഷേ ഏറ്റവും വിലയേറിയ മുത്തുകളാവും നമ്മുടെ യുവത്വം. യുവാക്കളെ ക്കൊണ്ട് സമൂഹത്തിൽ ഒരുപാട് മാറ്റങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. അറിവും പരിചയ സമ്പന്നതയും ഏറെ കൂടുതൽ നമ്മുടെ മുതിർന്ന തലമുറയ്ക്കാണെങ്കിലും ക്രിയാത്മകതയും നൂതനത്വവും കൊണ്ട് സമ്പന്നരാണ് യുവാക്കൾ. യുവത്വം ഏറ്റെടുക്കുന്ന കാര്യങ്ങൾ വിജയിക്കും എന്ന ഉറപ്പും നമ്മുടെ മേൽ അവർക്കുണ്ട്. നമ്മുടെ ചിന്തകളും, ശക്തിയും മാറ്റത്തിന്റെ സമൂഹത്തെ സൃഷ്ടിക്കുവാൻ കഴിയുന്ന ഒന്നാവണം. നമ്മിൽ ഏല്പിക്കപ്പെടുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലൂടെ വളരുകയാണ് നാമും അതോടൊപ്പം നമ്മെ കണ്ടു വളർന്നുവരുന്ന പുതിയൊരു തലമുറയും. ക്രിസ്തുവിനോടൊപ്പം നിന്ന് എന്തിലും ക്രിസ്തുവിന്റെ ഇച്ഛ എന്തെന്ന് ആരാഞ്ഞു കൊണ്ട് ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാൻ നമുക്കു ശ്രമിക്കാം.

# അവൾ തന്നാലാവതു ചെയ്തു

യോഹന്നാൻ എബ്രഹാം, തിരുവനന്തപുരം



ഈ ലേഖനത്തിന്റെ തലവാചകം കേവലം ഒരു മനുഷ്യന്റെ പ്രസ്താവനയല്ല. സകലപ്രപഞ്ചത്തിന്റെയും സൃഷ്ടികർത്താവായ അത്യുന്നതനായ ദൈവപുത്രന്റെ വാക്കുകളാണ്. മൂന്നു സുവിശേഷങ്ങളിൽ ഈ സംഭവം രേഖപ്പെടുത്തിയിരിക്കയാൽ ഇതിന്റെ പ്രാധാന്യം ഊഹിക്കാവുന്നതാണ്.

മത്തായിയുടെ സുവിശേഷത്തിൽ ബേഥാന്യയിലെ കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിൽ നടന്ന ഒരു സംഭവമായിട്ടാണ് കാണുന്നത്. മർക്കൊസിന്റെ സുവിശേഷത്തിലും ഇതേ നിലയിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ യേശു മരിച്ചവരിൽ നിന്നും ഉയിർപ്പിച്ച ലാസർ പാർത്ത ബേഥാന്യയിൽ പെസഹയ്ക്ക് ആറുദിവസം മുമ്പ് വന്നു. അവിടെ കർത്താവിന്നും ശിഷ്യന്മാർക്കും മാർത്ത അത്താഴം ഒരുക്കി. ലാസർ പന്തിയിൽ ഇരിക്കയായിരുന്നു. അപ്പോൾ അവിടെ നടന്ന ശ്രേഷ്ഠമായ ഒരു ആരാധനയായിട്ടാണ് ഈ സംഭവം വിവരിച്ചിരിക്കുന്നത്. ഇവിടുത്തെ പ്രധാനകഥാപാത്രം മാർത്തയുടെ സഹോദരിയായ മറിയ ആയിരുന്നു. (മത്തായി 26:6, മർക്കൊസ് 14:3-9, യോഹന്നാൻ 12:3-7)

മത്തായിയുടെ സുവിശേഷത്തിലും മർക്കൊസിന്റെ സുവിശേഷത്തിലും വിലയേറിയ സ്വച്ഛജടാമാംസി തൈലം ഭരണി പൊട്ടിച്ച് യേശുവിന്റെ തലയിൽ ഒഴിച്ചു എന്ന് കാണുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ കാലിൽ പൂശി എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തലയിൽ ഒഴിച്ച തൈലം കാലിൽ വരികയും കാലിൽ പൂശുകയും ചെയ്തിരിക്കാം മറിയ. വളരെ മുൻകൂട്ടി ഒരുക്കിവച്ചിരുന്ന വിലയേറിയ തൈലം മൂന്നൂറു വെള്ളിക്കാശിന് മൂല്യതയുണ്ടായിരുന്നു. അതായത് ഒരാൾ ഒരു വർഷം ജോലി ചെയ്താൽ കിട്ടുന്ന ശമ്പളത്തോളം ഉണ്ടായിരുന്നു. ഈ വിലയേറിയ തൈലമാണ് ഒട്ടും ശേഷിപ്പിക്കാതെ യേശുവിന്റെ തലയിൽ ഒഴിച്ചു. ദേഹത്തും കാലിലും പൂശിയത് മാത്രമല്ല മറിയ തന്റെ തലമുടി കൊണ്ട് കാൽ തുവർത്തി.

സ്ത്രീകളെ സംബന്ധിച്ച് അവരുടെ മുടി സൂക്ഷിക്കുന്നതിൽ വളരെ കരുതലുള്ളവരാണ്. ആ മുടികൊണ്ടാണ് യേശുവിന്റെ കാൽ തുവർത്തിയത്. കർത്താവിനോടുള്ള ഉണ്മയായ സ്നേഹത്തിന്റെ പ്രത്യക്ഷമായ തെളിവാണിത്. ഈ നിർവ്യാജമായ സ്നേഹത്തിന്റെ പ്രതിഫലനം ലോകം മുഴുവൻ എല്ലാ കാലഘട്ടത്തിലും ബേഥാന്യയിലെ മറിയ പ്രശംസിക്കപ്പെടും. ഈ വിഷയം പ്രസംഗിക്കുന്ന എല്ലായിടത്തും എല്ലാ ഭാഷയിലും സർവ്വമാനവജാതികളുടെ മദ്ധ്യത്തിലും മറിയ പ്രശംസനീയാണ്. അവൾ അത് ചെയ്തത് തന്റെ ഗുരുനാഥനോടുള്ള സ്നേഹത്തിൽ ഇത്രത്തോളം പ്രതീക്ഷിച്ചുകൊണ്ടല്ല. അവൾ ചെയ്തത് പൂർണ്ണതയിലാണ് അവൾ തന്നാലാവത് ചെയ്തു. സ്വജീവനേ നമുക്കായി ഏല്പിച്ചുതന്ന രക്ഷിതാവിനേ പൂർണ്ണഹൃദയത്തോടും, പൂർണ്ണ ആത്മാവിനോടും സ്നേഹിപ്പാൻ നിങ്ങൾക്കു കഴിയുന്നുണ്ടോ? ആ സ്നേഹം നിങ്ങളുടെ ജീവിതത്തിലൂടെ പ്രതിഫലിപ്പിക്കുവാൻ കഴിയുന്നുണ്ടോ. നമുക്ക് കഴിയുന്നത് ചെയ്യുവാനേ ദൈവം ആഗ്രഹിക്കുന്നുള്ളൂ. നമ്മുടെ കഴിവിന്റെ പരിധിവിട്ട് ദൈവത്തെ സ്നേഹിപ്പാൻ ദൈവം ആവശ്യപ്പെടുകയില്ല.

പ്രവൃത്തികളുടെ പുസ്തകത്തിൽ അനന്യാസിന്റെയും സഫീറയുടെയും കഥ

നോക്കുക. അവർ തങ്ങൾക്ക് ഉണ്ടായിരുന്നത് വിറ്റു ദൈവസന്നിധിയിൽ കൊടുത്തപ്പോൾ വിറ്റതിൽ കുറെ സ്വന്തമായി സൂക്ഷിച്ചത് ന്യായം തന്നെ. എന്നാൽ നിലം വിറ്റത് ഇത്രയേ ഉണ്ടായിരുന്നുള്ളുവോ എന്ന ചോദ്യത്തിന് അവർ കളവു പറഞ്ഞു. കളവു പറയുവാൻ ഭാര്യയും ഭർത്താവും ഒത്തിരുന്നു. പരിണിത ഫലം മരണമായിരുന്നു.

മറിയ തന്നാലാവതു ചെയ്തു എന്നു മാത്രമല്ല അവൾ ചെയ്യേണ്ട തക്കസമയത്ത് ഈ തൈലം ലേപനം നടത്തിയതെന്ന് കർത്താവു തന്നേ പറഞ്ഞു. അത് എത്ര അന്വർത്ഥ മായിരുന്നു. പെസഹയ്ക്ക് ആറുദിവസം മുമ്പ് മറിയ ഈ സ്വച്ഛജടാമാംസിതൈലം പൂശിയത്. കല്ലറയിൽ കർത്താവിന്റെ ശരീരം സംസ്ക്കരി ക്കുന്നതിന് മുമ്പാണ് മറിയ ഈ നല്ല കാര്യം ചെയ്തത്. മഗ്ദലനക്കാരി മറിയയും യോഹന്നാന്റെയും യാക്കോബിന്റെയും അമ്മ മറിയയും അവരോടു കൂടെയുള്ള മറ്റു സ്ത്രീകൾ ശബ്ബത്തിന് മുമ്പ് ഒരുക്കിയ സുഗന്ധവർഗ്ഗവുമായി കല്ലറയ്ക്കൽ ആഴ്ചവട്ട ത്തിന്റെ ഒന്നാം നാൾ അവിടെ എത്തി. എന്നാൽ അവർക്ക് ലഭിച്ച സന്ദേശം അവൻ ഇവിടെ ഇല്ല എന്നാണ്. ദൂതന്മാർ അവരോട് പറഞ്ഞത്. ഒരുക്കിക്കൊണ്ടുവന്ന സുഗന്ധവർഗ്ഗം പൂശുവാൻ അവർക്ക് കഴിഞ്ഞില്ല. സമയം തക്കത്തിൽ ഉപയോഗിപ്പാൻ കഴിയാഞ്ഞതിന്റെ പരിണിതഫലം. ഈ സ്ത്രീകളും സദുദ്ദേശ്യ ത്തോടെ കർത്താവിനോടുള്ള നിഷ്ക്കളങ്കമായ സ്നേഹത്തിൽ തന്നെയാണ് തക്കസമയത്ത് ചെയ്യാൻ കഴിയാത്തതിനാൽ അവരുടെ പ്രശംസ ഒഴുകിപ്പോയി. മറിയയുടെ തക്കസമയത്ത് ചെയ്ത വിലപ്പെട്ട കാര്യമാണ് പ്രശംസിക്ക പ്പെടുന്നത്. ദൈവികകാര്യങ്ങൾ ഫലകരമായി പ്രയോഗിക്കുന്നത് തക്ക സമയത്തായിരിക്കണം. യൂദാ ഈസ്കര്യോത്താവ് പശ്ചാത്തപിച്ചു. എന്നാൽ അത് തക്ക സമയത്തായിരുന്നില്ല. ആത്മഹത്യയിൽ പര്യവസാനിച്ചു.

കർത്തൃസംഘത്തിലെ ട്രഷറർ ആയി രുന്ന യൂദാ ഈസ്കര്യോത്താവ് മറിയയുടെ സത്പ്രവൃത്തിയെ വിമർശിക്കുന്നത് ആത്മാർത്ഥ തയോടെയായിരുന്നില്ല. ഈ തൈലം വിറ്റ് ദരിദ്രന്മാരെ സഹായിക്കാമായിരുന്നു എന്ന യൂദയുടെ പ്രസ്താവന തികച്ചും സ്വാർത്ഥത നിറഞ്ഞതായിരുന്നു. സ്വന്തം കീശ വീർപ്പി ക്കാനുള്ള വ്യഗ്രത സാധിപ്പാൻ ദരിദ്രരെ കൂട്ടുപിടിച്ചതാണ്. ദൈവത്തെ വിറ്റ് സ്വാർത്ഥത സാധിപ്പിക്കുന്നവർ എക്കാലത്തും ഉണ്ട്. ദൈവിക പരിവേഷത്തിൽ അഭിനയിച്ച് സ്വന്തം കീശ വീർപ്പിക്കുന്നവർക്ക് ഹാ കഷ്ടം, എന്ന ല്ലാതെ എന്തുപറയുവാൻ. നിസ്വാർത്ഥവും നിർവ്യാജവുമായ സ്നേഹമാണ് ദൈവം ആദരിക്കുന്നത്, പ്രതിഫലം ലഭിക്കുന്നത്, പ്രശംസിക്കപ്പെടുന്നത്. പരിശുദ്ധാത്മാവിനോട് വ്യാജം കാണിക്കുന്നവർ എപ്പോഴായാലും ശിക്ഷിക്കപ്പെടും.

നമ്മിൽ ആവുന്നത് തക്കസമയത്ത് നിർവ്യാജമായ സ്നേഹത്തിന്റെ പ്രതിഫലന മായി ചെയ്യുവാൻ കഴിയേണ്ടതാണ്. അപ്രകാര മുള്ള പ്രവൃത്തിയെ ദൈവം പ്രശംസിക്കുകയും ലോകം ആദരിക്കുകയും ചെയ്യുന്നതാണ്. സാമർ ത്ഥ്യവും വിവേകവും താഴ്മയും സ്ത്രീകൾക്കു മാത്രമല്ല എല്ലാവരിലും ഉണ്ടായിരിക്കേണ്ടതാണ്.

യെരിഹോവിലേക്ക് പോയ വ്യക്തി കള്ളന്മാരാൽ ആക്രമിക്കപ്പെട്ടു. പുരോഹിതനും, ലേവ്യനും ഈ അശരണനായികിടന്ന വ്യക്തിയെ അവഗണിച്ചു. എന്നാൽ ഒരു നല്ല പാരമ്പര്യം പോലും പറയാനില്ലാത്ത ശമര്യാക്കാരൻ തന്റെ വാഹനത്തിൽ നിന്നും ഇറങ്ങി എണ്ണയും വീഞ്ഞും പകർന്ന് അവന്റെ മുറിവുകെട്ടി ആശ്വ സിപ്പിക്കുന്നു. മാത്രമല്ല തന്റെ വാഹനത്തിൽ കയറ്റി ആക്രമിക്കപ്പെട്ടവനെ സത്രത്തിലാക്കി സത്രം ഉടമയോട് ഇവന്റെ സംരക്ഷണത്തിന് നിർദ്ദേശം നല്കി ചെലവിന്നായി പണം കൊടുത്തു. തികയാതെ വന്നാൽ തിരികെ വരുമ്പോൾ കൊടുക്കാം എന്ന് വാഗ്ദാനം ചെയ്തു. ശമര്യാക്കാരൻ ചെയ്തത് തക്ക സമയത്ത് ചെയ്ത സത്പ്രവൃത്തിയാണ്. തന്റെ രക്ഷയെ അവഗണിച്ചുകൊണ്ടുള്ള സത്പ്രവൃത്തി. നന്മ ചെയ്യുവാനും കൂട്ടായ്മ കാണിപ്പാനും മറക്കരുത്. സത്പ്രവൃത്തിക്ക് ഒരുക്കമുള്ളവരും

*ശേഷം പേജ് 21 കാണുക*

# ക്രമക്കേടുകൾ



ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം

അയാളൊരു ക്രമംകെട്ടവനാണെന്ന് ചില രേക്കുറിച്ചെങ്കിലും നാം പറഞ്ഞു കേൾക്കാറുണ്ട്. എന്തുകൊണ്ടാണങ്ങനെയൊരു പഴി കേൾക്കേണ്ടിവന്നതെന്ന് അത്ഭുതപ്പെട്ടിട്ടുള്ളവരുമുണ്ടാകാം.

ക്രമമില്ലാത്തതെല്ലാം ക്രമക്കേടു തന്നെ. ക്രമക്കേടുകൾ ജീവിതത്തിന്റെ എല്ലാ രംഗത്തും ഉണ്ടാകാം. 'അന്വേഷണത്തിൽ ക്രമക്കേടുകണ്ടെത്തി', പത്രങ്ങളിൽ നാം സ്ഥിരം വായിക്കാറുള്ള ഒരു തലക്കെട്ടാണ്. 'ക്രമക്കേടുകൾ അന്വേഷിക്കുന്നുണ്ട്' എന്ന സാന്ത്വന വാചകവും തൊട്ടടുത്ത വരിയിലുണ്ടാകും. മാദ്ധ്യമങ്ങൾ അങ്ങനെയാണ്, ചില കാര്യങ്ങളെ പെരുപ്പിച്ചു കാണിക്കും, മറ്റു ചിലതിനെ മൂടിവെയ്ക്കുകയും വിഴുങ്ങുകയും ചെയ്യും. അതും മറ്റൊരു ക്രമക്കേടു തന്നെ. കച്ചവടമായാലും കൃഷിയായാലും,

***ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "കുടുംബവിശേഷങ്ങൾ" എന്ന പുസ്തകത്തിൽ നിന്നും***

ഉദ്യോഗമായാലും വിദ്യാഭ്യാസമായാലും കുടുംബജീവിതമായാലും അതതുരംഗത്ത് ആവശ്യമായ ക്രമംപാലിക്കുവാൻ നാം കടപ്പെട്ടവരാണ്. നാം പാലിക്കേണ്ട ക്രമങ്ങളെ നടപടിക്രമങ്ങൾ എന്നു പേരു നല്കി എല്ലാരംഗങ്ങളിലും വിവരിച്ചിട്ടുമുണ്ട്. പക്ഷേ അതൊന്നും ശ്രദ്ധിക്കുവാനോ അഥവാ ശ്രദ്ധിച്ചാൽ തന്നെ പാലിക്കുവാനോ പലരും തയ്യാറാകുന്നില്ല എന്നതാണു സത്യം. ഫലത്തിൽ ക്രമക്കേടുകളുടെ ഭവിഷ്യത്ത് അതു കാണിക്കുന്നയാൾ മാത്രമല്ല മറ്റനേകർ കൂടി അനുഭവിക്കേണ്ടിവരുന്നു. ഇനി സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്ന് വേറിട്ട് ഒരു കുടുംബജിവിതത്തിന്റെ അതിരുകൾക്കുള്ളിലേക്കു കടന്നാലും ക്രമക്കേടുകൾകൊണ്ട് അവിടെയുണ്ടാകുന്ന താളപ്പിഴകളും പരാജയങ്ങളും നമ്മെ അമ്പരപ്പിക്കും.

ഒരു പുരുഷനും സ്ത്രീയും വിവാഹിതരായി കുടുംബജീവിതം ആരംഭിക്കുന്നു. നാളുകൾ അധികം കഴിയും മുമ്പേ പ്രശ്നങ്ങൾ തുടങ്ങുകയായി, സ്വപ്നങ്ങൾ പൊലിയുകയായി. 'നാം ഒന്ന്, നമ്മൾ ഒന്ന്' എന്ന സങ്കല്പം മങ്ങുവാൻ താമസമുണ്ടാകില്ല, അന്യോന്യമുണ്ടായിരുന്ന വിശ്വാസം നഷ്ടപ്പെടും, രണ്ടുപേരും വേർപിരിയുന്നു.

അന്യസ്ത്രീയുമായുള്ള ഭർത്താവിന്റെ അവിഹിതബന്ധം ഭാര്യ മനസ്സിലാക്കിത്തുടങ്ങിയിടത്താണ് ആരംഭം. ഒരു നേരമോ രണ്ടുനേരമോ പട്ടിണികിടക്കേണ്ടി വന്നാൽ അത് ഒരു ഭാര്യ സഹിക്കും. എന്നാൽ ഭർത്താവിന് മറ്റൊരു സ്ത്രീയുമായി ബന്ധം ഉണ്ടാകുന്നത് അവൾ ഒരു കാലത്തും സഹിക്കുകയില്ല. ക്ഷമിക്കുകയില്ല.

ഭാര്യാഭർത്തൃബന്ധത്തിൽ ക്രമകേട് ഉണ്ടായി. ഗൗരവതരമായ ഒരു പ്രശ്നമാണത്. സാമൂഹ്യ ആദ്ധ്യാത്മിക, സാംസ്കാരിക നിയമപ്രമാണങ്ങളെല്ലാം ലംഘിച്ചു. അതിന്റെ ഫലം നിരപരാധികളായ മക്കളും അനുഭവിക്കേണ്ടിവരുന്നു, രണ്ടു കുടുംബങ്ങൾക്കും സാമൂഹ്യമായ തരംതാഴ്ത്തലുകളും ഉണ്ടാകുന്നു.

ഇങ്ങനെ കുടുംബങ്ങൾ തകരുമ്പോൾ സമൂഹവും രാഷ്ട്രവും തകരുന്നു. ധാർമ്മികമായ അധഃപതനത്തിന്റെ വളരെ ദൂരവ്യാപകമായ അനന്തര ഫലമാണിത്. ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്ന ദൈവിക നിയമം ലംഘിക്കുമ്പോഴുണ്ടാകുന്ന ക്രമക്കേട് നിസ്സാരമല്ല.

കുടുംബങ്ങളുടെ ഈ തകർച്ച പെട്ടെന്ന് ഒരു നിമിഷം കൊണ്ടുണ്ടാകുന്ന ഒരു പ്രക്രിയ

യല്ല. ഭർത്താവിന്റെ മനസ്സ് മറ്റൊരു സ്ത്രീയെ കണ്ടെത്തി. സ്ത്രീ പ്രോത്സാഹനം നല്കിയപ്പോൾ പുരുഷൻ മുന്നോട്ടുപോയി. പല കാരണങ്ങൾ ഇതിനുണ്ടാകാം. സൗന്ദര്യം, വശീകരണശക്തി, ചിലപ്പോഴെങ്കിലും സാമ്പത്തികശേഷി, അനുകൂല ജീവിതസാഹചര്യങ്ങൾ, ഭാര്യയുടെ പരുക്കൻ സ്വഭാവം. പക്ഷേ ഒരു കാരണവും നീതികരിക്കാനാവില്ല. കുടുംബജീവിതം എന്ന പളുങ്കുപാത്രം പൊട്ടിത്തകർന്നാൽ പൂർവസ്ഥിതിയിലാക്കുവാൻ കഴിയുകയില്ല.

അവൾ മറ്റൊരുവന്റെ കൂടെപ്പോയി, അയാൾ ഏതോ ഒരു സ്ത്രീയേയും കൊണ്ട് കടന്നു കളഞ്ഞു. അവർ ഇരുവരും ആത്മഹത്യ ചെയ്തു, ഭർത്താവ് ഭാര്യയെ കൊലപ്പെടുത്തി ഇങ്ങനെയുള്ള വാർത്തകളുടെയെല്ലാം പിന്നിൽ ഭർത്താവിന്റെ അഥവാ ഭാര്യയുടെ ക്രമക്കേടുകളാണ് കാണാൻ കഴിയുക. ജ്ഞാനിയായ സോളമന്റെ വാക്കുകൾക്ക് ഇവിടെ ഏറെ പ്രസക്തിയുണ്ടെന്നു ഞാൻ കരുതുന്നു.

*'ജ്ഞാനവും വിവേകവും വകതിരിവും സമ്പാദിച്ചാൽ അതു നിന്നെ പരസ്ത്രീയുടെ കൈയിൽ നിന്നും ചക്കരവാക്കു പറയുന്ന അന്യസ്ത്രീയുടെ വശത്തു നിന്നും വിടുവിക്കും'.*

*'അവൾ തന്റെ യൗവനകാന്തനെ ഉപേക്ഷിച്ച് തന്റെ ദൈവത്തിന്റെ നിയമം മറന്നുകളഞ്ഞിരിക്കുന്നു'.*

*'അവളുടെ വീടു മരണത്തിലേക്കും അവളുടെ പാതകൾ പ്രേതന്മാരുടെ അടുത്തേക്കും ചാഞ്ഞിരിക്കുന്നു'.*

*'അവളുടെ അടുക്കൽ ചെല്ലുന്ന ഒരുത്തനും മടങ്ങിവരുന്നില്ല. ജീവന്റെ പാതകളെ പ്രാപിക്കുന്നുമില്ല'.*

കുടുംബജീവിതത്തിലെ ക്രമക്കേടുകൾ നിമിത്തം ശൈശവത്തിലേ ഭാവി നഷ്ടപ്പെട്ട 145 കുഞ്ഞുങ്ങൾ ഇപ്പോൾ ഞങ്ങൾ നടത്തുന്ന 'പ്രഷ്യസ് ഹോമി' ലുണ്ട്. മാതാപിതാക്കളുടെ അവിശ്വസ്തതയാണ് ഇതിൽ തൊണ്ണൂറു ശതമാനത്തിന്റേയും അനാഥത്വത്തിനു കാരണമെന്നു ഞാൻ അറിയുന്നു. ഭാവിയുടെ എത്ര വാഗ്ദാനങ്ങളാണ് അങ്ങനെ നമ്മുടെ നാട്ടിൽ പൊലിഞ്ഞു പോകുന്നത്!

ഭാര്യാഭർത്താക്കന്മാരോട് എനിക്കു പറയുവാൻ ഏറെയുണ്ട്. പാവനമായ കുടുംബജീവിതത്തെയും അതിലൂടെ ദൈവം നല്കിയ മക്കളെയും സ്നേഹിക്കുക, സംരക്ഷിക്കുക. വിവാഹേതരബന്ധം എന്ന അപകടത്തിൽ ഒരിക്കലും ചെന്നകപ്പെടാതെ സൂക്ഷിക്കുക. ഇനി അങ്ങനെയൊരു വിഷവിത്ത് മനസ്സിലെവിടെയെങ്കിലും പൊട്ടി മുളച്ചിട്ടുണ്ടെങ്കിൽ അതിനെ വേരോടെ പിഴുതെറിയുക.

പുരുഷനായാലും സ്ത്രീയായാലും ലൈംഗികാവശ്യങ്ങൾ നിറവേറ്റിയേ മതിയാവൂ. (Sex is a need and a need must be met.) എന്നാൽ അതിനുള്ള വേദി വിവാഹം എന്ന മതിൽക്കെട്ടിനുള്ളിൽ മാത്രമാണ്. ഇത് ഒരു പഴഞ്ചൻ ആശയമായി കരുതുന്നവരുടെ എണ്ണം വർദ്ധിക്കുന്നതിന്റെ ഫലമാണ് തകരുന്ന ക്രമംകെട്ട ജീവിതങ്ങൾ.

എല്ലാ കുടുംബങ്ങൾക്കും വരവും ചെലവും ഉണ്ട്, വലുതായിരിക്കാം ചെറുതായിരിക്കാം. സാമ്പത്തിക ശിക്ഷണം പാലിക്കുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. നിശ്ചിത വരുമാനവും വർദ്ധിച്ച ചെലവുകളും തമ്മിൽ പൊരുത്തപ്പെടാനും വിഷമമാണ്. ഭർത്താവും ഭാര്യയും മക്കളും ഒരുപോലെ ഈ രംഗത്ത് നിഷ്ക്കർഷത പാലിച്ചില്ലെങ്കിൽ ആപത്ത് കൂടെയുണ്ടാകും.

സാമ്പത്തിക രംഗത്തെ സുതാര്യത ഒരിക്കലും നഷ്ടപ്പെടുത്തരുത്. നമ്മുടെ വരുമാനം ഇത്രയേ ഉള്ളൂ. അതിൽ ചെലവുകൾ ഒതുങ്ങിയിരിക്കണം എന്നുള്ള പ്രമാണം കുടുംബാംഗങ്ങളെല്ലാം അറിഞ്ഞിരിക്കണം. ഇവിടെ പരാജയപ്പെട്ടാൽ ജീവിതത്തിൽ ക്രമക്കേടുകൾ ഉണ്ടാകും. ഉദ്യോഗസ്ഥർ കൈകൂലി വാങ്ങുക മാത്രമല്ല അതിൽ ആശ്രയിച്ചു ജീവിക്കേണ്ടിയും വരും. വഴിവിട്ടു ധനം സമ്പാദിക്കാനുള്ള പ്രവണത ഏറിവരും. ഏറ്റവും വലിയ അപകടം ഇത്രയും മാരകമായ ക്രമക്കേടുകൾ മക്കൾ കണ്ടുപഠിക്കും, അവർ അതു ജീവിതത്തിൽ ആവർത്തിക്കും എന്ന

താണ്. അത് പിന്നെയും ക്രമക്കേടുകളെ സൃഷ്ടിക്കും. പൂഴ്ത്തിവയ്പിന്റേയും കരിഞ്ചന്തയുടേയും അന്യായ പലിശയുടേയും വഴികളിലൂടെയാണു നിങ്ങൾ സഞ്ചരിക്കുന്നതെങ്കിൽ സൂക്ഷിക്കുക. നിങ്ങളുടെ മക്കളും ഒപ്പം വരും. ഏതു ക്രമക്കേടു കാണിച്ചും പണം സമ്പാദിക്കാനുള്ള പ്രവണതയ്ക്ക് നിങ്ങളും അടുത്ത തലമുറയും കനത്ത വില നല്കേണ്ടിവരും.

അച്ഛനോ അമ്മയോ അല്ലെങ്കിൽ ഇരുവരുമൊരുമിച്ചോ മക്കളിലൊരാളോട് കൂടുതൽ താത്പര്യം കാണിക്കുന്നത് കുടുംബത്തിലുണ്ടാകാവുന്ന വലിയ ഒരു ക്രമക്കേടാണ്. പല കുടുംബങ്ങളിലും ഇങ്ങനെയൊരു മനോഭാവം കാണാറുണ്ട്. പക്ഷേ ഇതു മക്കളിലുണ്ടാക്കുന്ന പ്രത്യാഘാതം എത്ര വലുതാണെന്ന് പലപ്പോഴും മാതാപിതാക്കൾ അറിയുന്നില്ല. കൂടപ്പിറപ്പുകൾ തമ്മിൽ ശത്രുതയുണ്ടാകുവാൻ വേറൊന്നും വേണ്ട.

മക്കളിലൊരാൾ സമർത്ഥനായിരിക്കാം. കണ്ടാൽ കൂടുതൽ സുമുഖനായിരിക്കാം. അവനോട് കൂടുതൽ കരുതലും സ്നേഹവും കാണിക്കുന്നുണ്ടോ നിങ്ങൾ? അരുത്, ആ മനഃസ്ഥിതി വച്ചു പുലർത്തരുത്. കുട്ടികളെ ഒരുപോലെ കാണുക, സ്നേഹിക്കുക. ബൈബിളിലെ ഗോത്രപിതാക്കന്മാരിലൊരാളായ യാക്കോബ് തന്റെ മക്കളിൽ ഇളയവനായ യോസഫിനെ കൂടുതൽ സ്നേഹിച്ചു, ഒരു പ്രത്യേക വസ്ത്രവും നല്കി. ഇതു മറ്റു സഹോദരന്മാരെ ചൊടിപ്പിച്ചു. അവർ യോസഫിനെ കൊന്നുകളയാൻ ശ്രമിച്ചു, അവനെ അടിമയാക്കി വിറ്റു കളഞ്ഞു.

ബൈബിളിലെ ഉത്പത്തി പുസ്തകത്തിൽ ഇതു വിവരിച്ചിട്ടുണ്ട്. തൊട്ടുപുറകിലത്തെ തലമുറയിൽ യാക്കോബിന്റെ അമ്മയും യാക്കോബും കൂടി സഹോദരനായ ഏശാവിനെ കളിപ്പിച്ചതും നാം ഇതോടൊപ്പം വായിക്കുന്നുണ്ട്. നാം എന്തൊക്കെയാണു വായിച്ചറിഞ്ഞു പാലിക്കേണ്ടത്, അല്ലെങ്കിൽ ഒരു മുന്നറിയിപ്പായി മനസ്സിലാക്കി ഉപേക്ഷിക്കേണ്ടത് എന്നു തിരിച്ചറിഞ്ഞു വേണം ബൈബിളിനെ സമീപിക്കാൻ എന്നു പറയേണ്ടതില്ലല്ലോ. ചില മാതാപിതാക്കൾ തങ്ങൾക്കുള്ള സ്വത്തു ഭാഗിക്കുമ്പോൾ പോലും പക്ഷാഭേദം കാണിച്ച് തലമുറകളെ വൈരാഗ്യത്തിലാക്കുന്നുണ്ട്. അവകാശങ്ങൾ നല്കുമ്പോൾ പെൺമക്കൾക്കു കുറവു നല്കുക അല്ലെങ്കിൽ അവരെ അവഗണിക്കുക. അതിനെ ആൺമക്കൾ പ്രോത്സാഹിപ്പിക്കുക ഇവയെല്ലാം കുടുംബത്തിലെ ക്രമക്കേടുകളാണ്.

ദൈവവിശ്വാസവും പ്രാർത്ഥനയും ആരാധനയും കുറഞ്ഞു വരുന്നതും അവഗണിക്കപ്പെടുന്നതും ഏറ്റവും ഗുരുതരമായ ക്രമക്കേടാണ്. മറ്റനവധി ക്രമക്കേടുകൾക്ക് അത് തുടക്കം കുറിക്കും. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ. അതോടുകൂടി ഇതൊക്കെയും നിങ്ങൾക്കു കിട്ടും എന്നു യേശുക്രിസ്തു ഒരിക്കൽ പറഞ്ഞു. ഒന്നാം സ്ഥാനം ദൈവത്തിന്, അതു മറക്കണ്ട.

നിങ്ങൾക്ക് ക്രമം ഇല്ലെങ്കിൽ ജീവിതം ദൈവത്തിന്റെ ഇഷ്ടത്തിനു സമർപ്പിക്കുക, ക്രമം ഉണ്ടാകും. എല്ലാ ക്രമക്കേടുകളും ദൈവസാന്നിദ്ധ്യമുള്ള ജീവിതത്തിൽ നിന്ന് അപ്രത്യക്ഷമാവുകയും ചെയ്യും. ചുറ്റുപാടുമുള്ള ക്രമക്കേടുകൾക്കെതിരെ നാം പ്രതികരിക്കണം. പക്ഷേ അതിനുമുമ്പ് സ്വയം ഒരു ക്രമം ഉണ്ടാക്കിയിരിക്കണം. നിങ്ങൾ ഏർപ്പെടുന്ന എല്ലാ കാര്യങ്ങളും നിയമാനുസൃതമായിരിക്കട്ടെ. ഉത്തമമായ മാതൃകയായിത്തീർന്നാലേ മറ്റുള്ളവർ ശ്രദ്ധിക്കുകയുള്ളൂ, അനുകരിക്കുകയുള്ളൂ. ക്രമക്കേടുകളെ തിരസ്കരിക്കുക. ക്രമം തെറ്റിയ ജീവിതത്തിനടിമയായവരെ സ്നേഹിച്ചും ഉപദേശിച്ചും ക്രമീകൃതമായ ഒരു ജീവിതത്തിലേക്കു മടക്കിക്കൊണ്ടുവരിക.

ജീവിതത്തിലെ ക്രമക്കേടുകൾ അർബുദം പോലെ വ്യാപിക്കും. നമ്മെ ഇല്ലാതാക്കും. സമൂഹത്തിലെ ക്രമക്കേടുകൾ സമൂഹത്തെത്തന്നെ നശിപ്പിക്കും. അതുകൊണ്ട് ഒരു കൂട്ടായ യജ്ഞം തന്നെ ഈ രംഗത്ത് ആവശ്യമാണ് എന്നു ഞാൻ കരുതുന്നു. ആരോഗ്യമുള്ള

*ശേഷം പേജ് 24 കാണുക*

# മക്കളുടെ പഠനത്തിൽ മാതാപിതാക്കളുടെ പങ്ക്



പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ, നിലമ്പൂർ

ജനിച്ചുവീണ നിമിഷം മുതൽ വിവിധ മാധ്യമങ്ങളിലൂടെ ഒരു വ്യക്തി നേടുന്ന ഗുണപരമായ അറിവുകളാണ് വിദ്യാഭ്യാസമെന്ന പദംകൊണ്ട് നമ്മൾ അർത്ഥമാക്കുന്നത്. കുട്ടിയുടെ പരിസ്ഥിതിയിൽനിന്നാണ് ഈ അറിവുകൾ ശേഖരിക്കുന്നത്. കുട്ടിയെ സംബന്ധിച്ച് ഏറ്റവും അടുത്ത ബന്ധം പുലർത്തുന്ന വ്യക്തികൾ അവന്റെ മാതാപിതാക്കളാണ്. അതുകൊണ്ട് കുട്ടിയുടെ അനൗപചാരികമായ വിദ്യാഭ്യാസം ആരംഭിക്കുന്നത് മാതാപിതാക്കളിൽ നിന്നുമാണ്.

പഠനം ഒരു സ്വാഭാവിക പ്രക്രിയയാണ്. കുട്ടി സ്വയം പരിസ്ഥിതിയിൽനിന്നും പഠിച്ചുകൊള്ളും. മാതാപിതാക്കൾ അതിനുള്ള സാഹചര്യം ഒരുക്കികൊടുത്താൽ മതി. ഉദാഹരണത്തിന് നമ്മൾ കിണറ്റിലെ വെള്ളം അടിച്ചു മുകളിലുള്ള ടാങ്കിൽ കയറ്റുന്നത്. ടാങ്കിൽ വെള്ളമുള്ളടത്തോളം കാലം അതു ടാപ്പുകളിലൂടെ പുറത്തേക്കുവരും. നമ്മൾ ടാപ്പു തുറന്നുകൊടുത്താൽ മതി. മാതാപിതാക്കൾ കുട്ടികൾക്ക് പഠിക്കാനുള്ള താൽപര്യമുണ്ടാക്കികൊടുക്കണം. താൽപര്യമുണ്ടാകണമെങ്കിൽ അതിനനുസരിച്ചുള്ള മോട്ടിവേഷൻ കുട്ടിക്ക് ലഭിച്ചിരിക്കണം.

കുട്ടികളുടെ ശൈശവകാലത്തുതന്നെ അവരിൽ മുളപൊട്ടുന്ന ബുദ്ധിപരവും കലാപരവുമായ കഴിവുകളെ കണ്ടെത്തി ശരിയായ ചാനലിൽ കൂടി അതിനെ തിരിച്ചു വിട്ടാൽ അവർ അസാധാരണമായ വിധത്തിൽ അവന്റേതായ മേഖലയിൽ ശോഭിക്കും. ഒരു ഉദാഹരണം പറയാം. ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി റബ്ബർകുരുകൊണ്ടോ മറ്റെന്തെങ്കിലുംകൊണ്ടോ ഒരു സാധനമുണ്ടാക്കി സന്തോഷത്തോടെ അമ്മയെ കാണിക്കാൻ അടുക്കളയിൽ വരുന്നു. അമ്മ അടുക്കളയിൽ തിരക്കുപിടിച്ച ജോലിയിലുമാണ്. നോക്കമ്മേ ഞാനുണ്ടാക്കിയ സൂത്രം എന്ന് കുട്ടി അമ്മയോട് പറയുന്നു. ഉടനെ അമ്മയുടെ പ്രതികരണം. കൊണ്ടു പോടാ നിന്റെ ഒരു കുന്ത്രാണ്ടം. എനിക്ക് വേറെ പണിയുണ്ട്. ഇങ്ങനെയാണെങ്കിൽ അവനിലെ ശാസ്ത്ര കൗതുകം കെട്ടുപോകുന്നു. ഭാവിയിൽ അപകർഷതാബോധവും ഭീരുത്വവും അവനെ പിടികൂടും. എന്നാൽ അമ്മ ചെയ്യേണ്ടത് എന്താണ്? അടുക്കളയിലെ തന്റെ ജോലി ഒരു നിമിഷം നിർത്തിവെക്കുക. എന്നിട്ട് കുട്ടി ഉണ്ടാക്കിയ സൂത്രം കൈയിൽ വാങ്ങിയിട്ട് ഇതു മോനാണോ ഉണ്ടാക്കിയത്. എത്ര നന്നായിരിക്കുന്നു. പപ്പാ വരുമ്പോൾ നമുക്ക് കാണിക്കാം. ഇങ്ങനെ പറഞ്ഞ് അവന്റെ തോളിലൊന്ന് തട്ടിയാൽ ഭാവിയിൽ അവനിൽ ഉണ്ടാകാൻ പോകുന്ന മാറ്റം അത്ഭുതകരമായിരിക്കാം. മാതാപിതാക്കൾ അവനെ എഞ്ചിനീയറിംഗ് കോളേജിൽ വിട്ടില്ലെങ്കിലും അവനൊരു എഞ്ചിനീയറാകും.

മാതാപിതാക്കൾ കുട്ടികളുടെ ഓരോ പെരുമാറ്റത്തിനും കൊടുക്കുന്ന പ്രോത്സാഹനവും ശിക്ഷയും അവന്റെ മുന്നോട്ടുള്ള പഠനത്തെയുമെല്ലാം ശക്തിയായി സ്വാധീനിക്കുന്നു. കുട്ടിയുടെ പഠനവുമായി ബന്ധപ്പെട്ട ഓരോ കാര്യങ്ങളിലും മാതാപിതാക്കൾ സൂക്ഷ്മമായി ശ്രദ്ധിക്കണം. ചില മാതാപിതാക്കൾ പരാതി പറയുന്നതു കേട്ടിട്ടുണ്ട്. ഞങ്ങൾക്ക് കണക്കും ഫിസിക്സുമൊന്നും പറഞ്ഞുകൊടുക്കുവാൻ അറിയില്ല, എന്ന്. ഇതൊന്നും നിങ്ങൾ അവനെ പഠിപ്പിക്കേണ്ട കാര്യമില്ല. അവൻ അത് പഠിച്ചെടുത്തു കൊള്ളും. ഈ പഠനത്തിന് തടസ്സമായിട്ട് വന്നിട്ടുള്ള വസ്തുത (ബ്ലോക്ക്) കണ്ടെത്തി പരിഹരിക്കുകയാണ് മാതാപിതാക്കൾ ചെയ്യേണ്ടത്. ഉദാഹരണത്തിന് കണക്കിന്

പത്തിൽ മൂന്നുമാർക്കുമായി വീട്ടിൽ വരുന്ന അഞ്ചാം ക്ലാസ്സുകാരനോട് നമ്മൾ എങ്ങനെ ഇടപെടും. വളരെ പോസിറ്റീവായിട്ടുവേണം അവനോടിടപെടുവാൻ. അവനെ ആശ്വസിപ്പിക്കുകയും കിട്ടിയ മാർക്കിന് അഭിനന്ദിക്കുകയും വേണം. എന്നാൽ നീ മണ്ടനാണ്, നിനക്കിത്രയേ കിട്ടുകയുള്ളൂ എന്ന രീതിയാണ് നമ്മൾ സ്വീകരിക്കുന്നതെങ്കിൽ അവന്റെ പഠനം മാത്രമല്ല ജീവിതംതന്നെ അരക്ഷിതാവസ്ഥയിലാവും. ഇത്തരം സന്ദർഭങ്ങളിൽ കുട്ടികളോട് എങ്ങനെ ഇടപെടണമെന്ന് കൗൺസിലിങ്ങ് ക്ലാസ്സുകളിൽ വിശദമായി പഠിപ്പിക്കുന്നതാണ്.

പണ്ടുകാലങ്ങളിൽ മക്കളുടെ ഭാവിയെ ഓർത്ത് മാതാപിതാക്കൾ അവർക്കുവേണ്ടി സ്ഥലം വാങ്ങിയിടുകയും വീട് വയ്ക്കുകയും ഒക്കെ ചെയ്യുമായിരുന്നു. മക്കൾക്ക് വേണ്ടി സമ്പാദ്യമുണ്ടാക്കുകയായിരുന്നു മാതാപിതാക്കളുടെ ജീവിതലക്ഷ്യം തന്നെ. എന്നാൽ ഈ കാലത്ത് മക്കൾക്ക് വേണ്ടി ഭൂമി വാങ്ങിക്കൂട്ടി സമ്പാദ്യമുണ്ടാക്കുവാൻ കഴിയുന്നവർ അപൂർവമാണ്. അത് വലിയ പണക്കാർക്ക് മാത്രം കഴിയുന്ന കാര്യമാണ്. ഇക്കാലത്ത് മക്കൾക്ക് വേണ്ടിയുള്ള ഏറ്റവും നല്ല സമ്പാദ്യം അവർക്ക് നല്ല വിദ്യാഭ്യാസം നല്കുക എന്നതാണ്. നല്ല വിദ്യാഭ്യാസം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് നഗരത്തിലെ ഏറ്റവും പ്രശസ്തമായ സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളിലയച്ച് പഠിപ്പിക്കുക എന്നതല്ല. അങ്ങനെ ചെയ്യുവാൻ ശേഷിയുള്ളവർക്കും അതാണ് ഉത്തമ വിദ്യാഭ്യാസം നല്കാനുള്ള മാർഗ്ഗമെന്ന് വിശ്വസിക്കുന്നവർക്കും അത് സ്വീകരിക്കുന്നതിൽ തെറ്റില്ല. എന്നാൽ നമ്മൾ താമസിക്കുന്ന സ്ഥലത്തിനടുത്തുള്ള ഗവൺമെന്റ് സ്കൂളിലോ എയിഡഡ് മാനേജുമെന്റ് സ്കൂളിലോ കുട്ടികളെ വിടുന്നതാണ് അവരുടെ സമ്പൂർണ വ്യക്തിത്വവികസനത്തിനുള്ള മാർഗ്ഗം. അവർ അവിടെ കളിച്ചും ചിരിച്ചും ഇണങ്ങിയും പിണങ്ങിയും കുസൃതി കാണിച്ചും ഇടയ്ക്കൊക്കെ ചെറിയ അടിവാങ്ങിച്ചുമൊക്കെ വളരട്ടെ. ഇങ്ങനെ അവർക്ക് ലഭിക്കുന്ന അറിവുകളും അനുഭവങ്ങളും പിന്നീട് ജീവിതസമരത്തിൽ അവർക്ക് മുതൽകൂട്ടായിരിക്കും. ഇന്ത്യയിലെ ഏറ്റവും പേരുകേട്ട ഒരു സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അദ്ധ്യാപകനായി ജോലിചെയ്ത് പരിചയമുണ്ട്. വിദ്യാർത്ഥികളെ കൊണ്ടു വരാൻ അവർക്ക് മുപ്പതിലധികം ബസ്സുകളുണ്ട് എന്ന് കേൾക്കുമ്പോൾ തന്നെ ഇതിന്റെ പ്രശസ്തി മനസ്സിലാവുമല്ലോ. അതുപോലെ കേരളത്തിലെ ഏറ്റവും തല്ലിപ്പൊളി സ്കൂളെന്ന് പേരുകേട്ട (തോല്‌വിക്കും അക്രമണത്തിനും) ഗവൺ മെന്റ് സ്കൂളിലും പഠിപ്പിച്ചിട്ടുണ്ട്. ഈ അനുഭവങ്ങളിൽനിന്നാണ് മേല്പറഞ്ഞ നിർദ്ദേശങ്ങൾ ഉന്നയിച്ചിട്ടുള്ളത്.

മക്കളുടെ പഠനം മെച്ചപ്പെടുത്തുവാൻ മാതാപിതാക്കളും അത്യാവശ്യമായി പാലിക്കേണ്ട ചില കർത്തവ്യങ്ങൾകൂടി ചൂണ്ടിക്കാണിക്കട്ടെ. കൂടെ വളരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മക്കളുടെ പഠനപ്രവർത്തനങ്ങളിൽ ഒപ്പമുണ്ടാകുക എന്നതാണ്. രാവിലെ അവരെ വിളിച്ചെഴുന്നേല്പ്പിച്ച് പ്രാർത്ഥനയും പഠനവുമെല്ലാം ഒന്നിച്ചായിരിക്കണം. കുട്ടികൾ പഠിക്കുന്ന സന്ധ്യാസമയത്ത് പിതാവ് അങ്ങാടിയിൽ കറങ്ങി നടക്കരുത്. പിതാവ് ഒരു സുഹൃത്തുകൂടിയായിരിക്കട്ടെ തന്റെ കുട്ടിക്ക്. മാതാപിതാക്കളും കുട്ടികളും ഒന്നിച്ച് ടെലിവിഷൻ കാണുകയും ഒന്നിച്ച് കളിക്കുകയുമൊക്കെ ചെയ്യുന്നത് കൂടെ വളരുന്നതിന്റെ ലക്ഷണങ്ങളാണ്.

പഠനം ഉഴപ്പുന്ന മിക്ക കുട്ടികളുടെയും കുടുംബങ്ങളിൽ സമാധാനമില്ലെന്നത് കാണാവുന്നതാണ്. ദമ്പതികൾ മാതൃകാപരമായ ജീവിതം നയിക്കേണ്ടത് മക്കളുടെ വിദ്യാഭ്യാസ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. പ്രേമബന്ധത്തിൽ കുടുങ്ങിയ ഒരു ഹൈസ്കൂൾ വിദ്യാർത്ഥിനിയെ കൗൺസിലിങ്ങ് ചെയ്തപ്പോൾ അറിഞ്ഞത് അവളുടെ അച്ഛൻ ഒരു വലിയ മദ്യപാനിയാണെന്നതാണ്. അച്ഛനും അമ്മയും ഒന്നിച്ച് കൈപിടിച്ച് ഉയർത്തിയാലേ കുട്ടികളുടെ പഠനവും വ്യക്തിത്ത്വവും വികസിക്കുകയുള്ളൂ.

കുട്ടികൾ പഠനത്തിൽ അല്പം വീഴ്ച കാണിച്ചാലുടൻ അവരെ ചീത്തപറയുകയോ പ്രാകുകയോ ചെയ്യരുത്. നീ നന്നാകില്ലടാ....... എന്നയർത്ഥത്തിൽ സംസാരിക്കരുത്. അതെല്ലാം

അവരുടെ നാശത്തിലേക്കു മാത്രമെ നയിക്കുകയുള്ളൂ. കുട്ടികളുടെ തോല്വിയിൽ അവർക്ക് വേണ്ടത് സ്നേഹവും ആശ്വാസ വുമാണ്.

കുട്ടികളുടെ പഠനത്തിൽ അവരെ ഒരിക്കലും മറ്റു കുട്ടികളുമായി താരതമ്യം ചെയ്യരുത്. നീ ബാബുവിനെ നോക്ക്. അവനെത്ര മാർക്ക് കിട്ടി? നീയെന്താ ഇങ്ങനെ? ഈ ചോദ്യം അവനെ കൂടുതൽ തകർക്കുവാനേ ഉപകരിക്കു കയുള്ളൂ. ഒരു കുട്ടിക്ക് മറ്റൊരു കുട്ടിയാവാൻ കഴിയില്ല. ഒരു വീട്ടിലെ സഹോദരങ്ങളായ കുട്ടി കളെ തമ്മിലും താരതമ്യം ചെയ്യരുത്. നമ്മുടെ മക്കളേക്കാൾ മോശം മാർക്ക് വാങ്ങുന്ന കുട്ടികളുമായി താരതമ്യം ചെയ്ത് മക്കളെ പുകഴ്ത്തുന്നതും ശരിയല്ല. ഒരു കാരണവശാലും ഒരു സാഹചര്യങ്ങളിലും മക്കളെ താരതമ്യം ചെയ്യരുത്. നമ്മുടെ മക്കളിൽ ഏതെങ്കിലും ഒരാളോട് പ്രത്യേകിച്ച് കൂടുതൽ പഠിക്കുന്നു എന്ന കരുതുന്ന കുട്ടിയോട് പ്രത്യേക താൽപര്യം കാണിക്കരുത്.

കുട്ടികളുടെ കൂടെയിരുന്ന് സൗഹൃദാ ന്തരീക്ഷത്തിൽവേണം അവരെ പഠിപ്പിക്കുവാൻ. പഠന സമയത്ത് അടിക്കുകയോ ഭീഷണി പ്പെടുത്തുകയോ ശപിക്കുകയോ ചെയ്യരുത്. ക്ഷമയോടും വാത്സല്യത്തോടുമായിരിക്കണം നമ്മുടെ ഇടപെടൽ.

മക്കളുടെ സഹകരണത്തോടെ ഒരു ടൈംടേബിൾ പഠനത്തിനായി തയ്യാറാക്കണം. കളിക്കാനും ടെലിവിഷൻ കാണാനുമെല്ലാമുള്ള അവസരങ്ങൾ അതിലുണ്ടാകണം. പഠിക്കാ നുള്ള സമയത്ത് കുട്ടികളെ കളിക്കാൻ അനുവദിക്കരുത്. ടൈംടേബിൾ പ്രകാരം കുട്ടി പഠിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തിയാൽ മതി. എപ്പോഴും പുറകെ നടന്ന് പഠിക്ക്, പഠിക്ക് എന്നും പറഞ്ഞ് ശല്യം ചെയ്യരുത്.

കുട്ടികൾ ഉറക്കമിളച്ച് പഠിക്കുവാൻ സമ്മതിക്കരുത്. ആറേഴു മണിക്കൂർ അവർ നന്നായി ഉറങ്ങണം. ഉറക്കവും വ്യായാമവും അവരുടെ വളർച്ചക്ക് അത്യാവശ്യമാണ്. രാവിലെ യാണ് വായിച്ച് പഠിക്കാൻ ഏറ്റവും അനു യോജ്യമായ സമയം. വൈകുന്നേരങ്ങളിൽ ഹോംവർക്കുകൾ ആകാം.

കുട്ടികൾ പ്രഭാത ഭക്ഷണം കഴിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഉച്ചയ്ക്ക് ഭക്ഷണം അല്പം കുറവാണെങ്കിലും രാവിലെ ഭക്ഷണം ഒരു നിർബന്ധ ഘടകമാണ്. ഭക്ഷണത്തിൽ നാരു വിഭവങ്ങളും പച്ചക്കറികളും ഉൾപ്പെടുത്തണം. ധാരാളം വെള്ളം കുടിക്കുവാൻ ഉത്സാഹിപ്പി ക്കണം. ശുചിത്വം പാലിക്കുവാൻ കുട്ടികളെ പ്രത്യേകം പരിശീലിപ്പിക്കണം. അതിരാവിലെ ട്യൂഷന് വിടുന്നത് ഒട്ടും ശരിയല്ല. ട്യൂഷൻ നിർബന്ധമുണ്ടെങ്കിൽ സ്കൂളിലെ ക്ലാസ്സ് കഴിഞ്ഞ് ഒരു മണിക്കൂർ എടുക്കാം. അവർക്ക് വിശ്രമിക്കുവാനും ഓടിച്ചാടി നടക്കുവാനു മെല്ലാം സമയം നല്കണം. അവരുടെ നോട്ടു ബുക്കുകളും പുസ്തകങ്ങളുമൊക്കെ നമ്മൾക്ക് പരിചിതമായിരിക്കണം. എന്തെങ്കിലും കാര്യമു ണ്ടെങ്കിൽ കുട്ടികളോട് നേരിട്ട് ചോദിക്കണം. സംശയത്തോടെ അവരെ ചോദ്യം ചെയ്യരുത്. അവരുടെ മേൽ ഭരണം നടത്തുന്നവരെന്ന നിലയിലല്ല പ്രത്യുത നമ്മുടെ സ്വന്തം ജീവൻ എന്ന നിലയിലാകണം അവരോട് ഇടപെടു വാൻ. (മക്കളുടെ വിദ്യാഭ്യാസത്തിൽ മാതാ പിതാക്കളുടെ പങ്ക് ഒരു പ്രത്യേക വിഷയ മായെടുത്ത് കൗൺസിലിങ്ങ് ക്ലാസ്സിൽ ചർച്ച ചെയ്യുന്നതാണ്). ✸

---

*15 ന്റെ തുടർച്ച* ***(അവൾ തന്നാലാവതു ചെയ്തു)***

ഉത്സാഹമുള്ളവരുമായിരിക്കണം. തിരുവചന ത്തിലെ ഉത്തമമായ മാതൃകകൾ കേവലം വായിച്ചും കേട്ടും തള്ളിക്കളയുവാനല്ല, അവ നമ്മിൽ പ്രാവർത്തികമാക്കുവാനാണ്. നമ്മുടെ രക്ഷയ്ക്കല്ല നാം രക്ഷിക്കപ്പെട്ടത്. കൃപയാൽ യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലമാണ്. അതിന് നാം ഒന്നും ചെയ്യേണ്ട. എന്നാൽ നാം രക്ഷിക്കപ്പെട്ട ദൈവമക്കൾ എന്ന് ലോകം അറിവാനും നമ്മുടെ ദൈവത്തിന്റെ നാമം മഹത്ത്വപ്പെടുവാനുമിടയാകട്ടെ.

✸

# അരാമിലെ അടിമപെൺകുട്ടി



ഡോ. പി. കെ. സാം മല്ലശ്ശേരി

അരാം രാജാവ് യിസ്രായേലിനോടു യുദ്ധം ചെയ്തപ്പോൾ ഉണ്ടായ സംഭവമാണ് ഈ ലേഖനത്തിലെ പ്രതിപാദ്യ വിഷയം.

ശേമിന്റെ പുത്രനാണ് അരാം. അരാമിന്റെ സന്തതികളാണ് അരാമ്യർ. യിസ്രായേൽ രാജ്യത്തിന്റെ അയൽരാജ്യമായിരുന്നു അരാം അഥവാ സിറിയ. അവർ അരാമ്യഭാഷയാണ് സംസാരിച്ചിരുന്നത്. അരാമ്യഭാഷ പ്രസിദ്ധിയാർജ്ജിച്ച ഭാഷയാണ്. ക്രിസ്തുവും അപ്പൊസ്തലന്മാരും അരാമ്യഭാഷ സംസാരിച്ചിരുന്നു. "തലീഥാകൂമി," "ഏലീ," "എലീ ലമ്മാ ശബ്ബക്താനി,""അബ്ബാ," "മാറാനാഥാ". "ഗോല്ഗോഥാ", "മാർത്ത" മുതലായവ അരാമ്യ പദങ്ങളത്രേ.

അരാമ്യരും എബ്രായരുമായുള്ള ബന്ധത്തിനു നല്ല പഴക്കമുണ്ട്. ന്യായാധിപന്മാരുടെ കാലത്ത് യോർദ്ദാൻ നദിയുടെ ഉത്ഭവസ്ഥാനത്തിനടുത്തായി അരാമ്യർ കേന്ദ്രീകരിച്ചതായി കാണുന്നുണ്ട്. യിസ്രായേല്യരും മറ്റു രാജാക്കന്മാരും തമ്മിൽ യുദ്ധത്തിൽ ഏർപ്പെട്ടിട്ടുണ്ട്, സഖ്യത്തിലും കഴിഞ്ഞിട്ടുണ്ട്.

യുദ്ധത്തിലേർപ്പെട്ട സമയത്ത് അരാമ്യർ യിസ്രായേല്യരെ തോല്പിച്ച് അനേകം പേരെ അടിമകളാക്കി കൊണ്ടുവന്നിരുന്നു. അരാമ്യർ കവർച്ചപ്പടയുമായി വന്നപ്പോൾ അരാം രാജാവിന്റെ സേനാപതിയും പരാക്രമശാലിയുമായിരുന്ന നയമാനാണ് യുദ്ധം നയിച്ചത്. പലരേയും അടിമകളാക്കിയ കൂട്ടത്തിൽ ഒരു ചെറിയ യഹൂദ പെൺകുട്ടിയെ കൂടി പിടിച്ചുകൊണ്ടുവന്നു. അവളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല. അവൾ നയമാന്റെ ഭാര്യയ്ക്കു ശുശ്രൂഷചെയ്തു വന്നു. "അരാമ്യർ കവർച്ചപ്പടയായി വന്നിരുന്നപ്പോൾ യിസ്രായേൽദേശത്തുനിന്ന് ഒരു ചെറിയ പെൺകുട്ടിയെ പിടിച്ചുകൊണ്ടുപോയിരുന്നു; അവൾ നയമാന്റെ ഭാര്യയ്ക്കു ശുശ്രൂഷചെയ്തു വന്നു" (2 രാജാ. 5:2). നയമാൻ പരാക്രമശാലിയായിരുന്നുവെങ്കിലും കുഷ്ഠരോഗിയായിരുന്നു. കുഷ്ഠരോഗം മാറിക്കിട്ടുവാനായി നയമാനും കുടുംബവും പലമാർഗ്ഗങ്ങൾ തേടിയിട്ടുണ്ടാവാം. പക്ഷേ ഫലം ഉണ്ടായില്ല. തന്റെ യജമാനന്റെ കുഷ്ഠരോഗത്തെക്കുറിച്ചു കുട്ടിക്ക് ഒരു വലിയ മനോഭാരം തന്നെയുണ്ടായിരുന്നു. ഇതുപോലെ വിധേയപ്പെട്ടവരോട് കൂറും ബഹുമാനവും വിശ്വാസികളായ നമുക്കും ഉണ്ടായിരിക്കണം. ഏലീശാ പ്രവാചകനെ അവൾ മുമ്പു കണ്ടിട്ടില്ലായിരുന്നുവെങ്കിലും എലീശയെ കളിയാക്കിയ ബാലന്മാരുടെ കഥകൾ കേട്ടുകാണുമായിരിക്കും. അതുമല്ലെങ്കിൽ ശൂനേംകാരിയുടെ മകനെ എലീശ ഉയർപ്പിച്ച സംഭവം അവളുടെ മനസ്സിൽ കാണുമായിരിക്കാം. ഏതായാലും ഏലീശാ പ്രവാചകനെ സൗഖ്യദാതാവായി അവൾ തന്റെ യജമാനന് ചൂണ്ടിക്കാണിച്ചുകൊടുത്തു. ഒരു പക്ഷേ, കുഷ്ഠം മാറികിട്ടിയില്ലെങ്കിൽ അവൾക്കു കഠിന ശിക്ഷ ലഭിക്കുമെന്ന് അവൾ വിചാരിച്ചുകാണും. പോരാ അവൾക്ക് ദാരുണമരണം സംഭവിച്ചെന്നുംവരാം.

ഒരു യഹൂദബാലികയുടെ വിശ്വാസവും ധൈര്യവും ശുഭപ്രതീക്ഷയും കൈവിടാതെ യജമാനത്തിയോട് എല്ലാം തുറന്നു പറഞ്ഞു. അവൾക്ക് അന്ധവിശ്വാസമുണ്ടായിരുന്നെങ്കിൽ ഒരു മന്ത്രവാദിയെ സമീപിക്കുവാൻ പറഞ്ഞേനേം. അതിനു പകരം അവൾ പറഞ്ഞത് യജമാനൻ ശമര്യയിലെ പ്രവാചകന്റെ അടുക്കൽ ചെന്നാൽ കുഷ്ഠം സുഖപ്പെടുത്തുമെന്നാണ്. "യജമാനൻ ശമര്യയിലെ പ്രവാചകന്റെ അടുക്കൽ ഒന്നു ചെന്നെങ്കിൽ അവൻ അവന്റെ കുഷ്ഠരോഗം മാറ്റിക്കൊടുക്കുമായിരുന്നുവെന്നു പറഞ്ഞു" (2 രാജാ. 5:3). ഇന്നത്തെ ചില വിശ്വാസികൾ അന്ധവിശ്വാസത്തിലൂടെ സഞ്ചരിച്ചുപോകുന്നത് കണ്ടിട്ടുണ്ട്. അവർ ഈ അടിമ പെൺകുട്ടിയെ കണ്ടുപഠിക്കട്ടെ. അവളുടെ നല്ല മനസ്സാക്ഷിയും ഉറച്ച വിശ്വാസവും കണ്ട്

കുഷ്ഠം സുഖപ്പെടുവാൻ നയമാൻ എലീശയെ സമീപിച്ചു. പ്രവാചകന്റെ നിർദ്ദേശപ്രകാരം യോർദ്ദാൻ നദിയിൽ ഏഴുപ്രാവശ്യം മുങ്ങുകയും പൂർണ്ണമായി സൗഖ്യം പ്രാപിക്കുകയും ചെയ്തു. അവർ അവൾക്കു നന്ദി പറഞ്ഞുകാണും. ഭയഭക്തിയോടും അച്ചടക്കത്തോടും ദൈവാശ്രയത്തിലും സമചിത്തതയോടും അനുസരണത്തോടും യഹൂദമാതാപിതാക്കളാൽ വളർത്തപ്പെട്ടവളായിരുന്നു അവൾ. അതിന്റെ സുഗന്ധം അന്യദേവന്മാരെ സേവിക്കുന്ന ഇവർക്ക് ആസ്വദിക്കുവാൻ കഴിഞ്ഞെന്നു തോന്നുന്നു. ഇവൾ ഒരു അക്രമിയുടെ കൈയിൽ വീണുപോകാതെ ഒരു ഉന്നതവ്യക്തിയുടെ ഭവനത്തിലേക്കാണ് ചെന്നെത്തിയത്. യാദൃശ്ചികമായിരുന്നു അത്. ഗൃഹനാഥയ്ക്കുവേണ്ടി വീട്ടിൽ ജോലി ചെയ്യുന്ന ഇന്നത്തെ പെൺകുട്ടികളുടെ ദുഷിച്ച മാർഗ്ഗങ്ങൾ നാം മാദ്ധ്യമങ്ങളിൽ കൂടി മനസിലാക്കുന്നുണ്ടല്ലോ? ചിലരെങ്കിലും മോഷണവും അക്രമവും കൊലയും നടത്തി കുടുംബനായകനെയും വീട്ടമ്മയെയും തകർത്തു കളയുന്നു. ഈ യഹൂദ പെൺകുട്ടിയെപ്പോലെ അവർ സദ്സ്വഭാവക്കാരായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. എത്ര മാത്രം അനുഗ്രഹമായിട്ടാണ് നയമാനും ഭാര്യയും ഈ കുട്ടിയോടു പെരുമാറിയതെന്നും വാത്സല്യച്ചങ്ങലകളാൽ അവളുടെ ജീവിതവുമായി കൊളുത്തപ്പെട്ടുകാണുമെന്നും ഞാൻ ചിന്തിച്ചുപോകുന്നു. അതുകൊണ്ടല്ലേ നയമാന്റെ മാറാവ്യാധിയായ കുഷ്ഠരോഗം പൂർണ്ണമായി മാറിക്കിട്ടുവാൻ സാധിച്ചത്. എലീശാപ്രവാചകന്റെ തുടർന്നുള്ള ഉപദേശങ്ങൾവഴിയായി നയമാനു സകലതും അനുകൂലമായി ഭവിച്ചു. സഹോദരീസഹോദരന്മാരേ, നാം അന്യോന്യം സഹകരിക്കുവാനും സ്നേഹിപ്പാനും മറ്റുള്ളവരെ ശ്രേഷ്ഠരായി എണ്ണുവാനും അന്യർക്കും സ്വന്തക്കാർക്കും നന്മ ചെയ്യുവാനും പരിശ്രമിക്കണം. ദൈവദാസന്മാരാൽ അനുഗ്രഹം പ്രാപിപ്പാൻ നമുക്കു കഴിയണം. അവരെക്കുറിച്ച് നല്ലതു ശിപാർശ ചെയ്യുവാനും ഇടയാകട്ടെ. നമ്മുടെ മേൽ കർത്തൃത്വം ചെയ്യുന്നവരെ നാം ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യണം. അരാമ്യയിലെ ഈ അടിമപെൺകുട്ടി അങ്ങനെയാണു ചെയ്തുപോന്നത്.

ഏതായാലും ഈ ബാലിക ആ വീട്ടിലെ അനിഷ്ടമായ സാഹചര്യങ്ങളിൽ നിന്ന് ഒളിച്ചോടുകയോ വിപ്രതിപത്തി കാണിക്കുകയോ ചെയ്തില്ല. പകരം അവൾ പഠിച്ച ആത്മീയ സത്യങ്ങളാൽ ആ വീട്ടുകാരെ ജീവനുള്ള ദൈവത്തിന്റെ അനുകാരികളാക്കി മാറ്റിയെടുക്കുവാനാണ് സംഗതിയായത്. ജീവനുള്ള ദൈവത്തെ മാത്രമേ ആരാധിക്കുകയുള്ളുവെന്ന് നയമാന് പ്രതിജ്ഞയെടുക്കുവാൻ കഴിഞ്ഞത് ഈ കുട്ടി വഴിയായിരുന്നു. അവൾ എലീശാ പ്രവാചകനെക്കുറിച്ചു പ്രതിപാദിച്ച കാര്യം പരാക്രമശാലിയായ നയമാൻ എന്ന പട്ടാളമേധാവി പൂർണ്ണമായി വിശ്വസിക്കുകയും അതിൻപടി കാര്യങ്ങൾ നീക്കുകയും ചെയ്തു. യജമാനന് ഈ അടിമയിലുള്ള മതിപ്പും വിശ്വാസവും സ്നേഹവും ഉളവാകത്തക്കവണ്ണമാണോ നമ്മുടെ പെരുമാറ്റ രീതികളെന്നു സ്വയം പരിശോധിച്ചു നോക്കേണ്ടിയിരിക്കുന്നു. മുൻവിധിയും വിദ്വേഷവും സ്വാർത്ഥതാമനോഭാവവും നമ്മിലുണ്ടെങ്കിൽ അതെല്ലാം നീക്കിക്കളയണം. നമ്മുടെ വീട്ടിൽ വസിക്കുന്ന അന്യമതസ്ഥരോടും മറ്റും നികൃഷ്ടമായി പെരുമാറരുത്. അവരിൽ നിന്നും മണിമുത്തുകൾ നമുക്കു ലഭ്യമായെന്നു വന്നേക്കാം. ആയതിനാൽ അവരേയും ആത്മാർത്ഥമായി സ്നേഹിക്കണം. ഉച്ചനീചത്വങ്ങൾ വെടിയണം. ഒരു പക്ഷേ, ആ അരാമ്യ പെൺകുട്ടിക്ക് ഉന്നതപദവി ലഭിക്കുവാനുള്ള സന്ദർഭം ദൈവം കൊടുത്തുകാണുമായിരിക്കാം. അതുമല്ലെങ്കിൽ നയമാന്റെ സഹധർമ്മിണീപദം വരെ അലങ്കരിച്ചുകാണുമെന്നും അനുമാനിക്കാം. രക്ഷിക്കുന്നവനായ ദൈവത്തെ മറ്റുള്ളവർക്കു പരിചയപ്പെടുത്തിക്കൊടുക്കാൻ നമ്മെയും ദൈവം സഹായിക്കട്ടെ. നാം ഏതു സാഹചര്യത്തിൽ വന്നുപെട്ടാലും നമ്മുടെ നല്ല സാക്ഷ്യം അചഞ്ചലമായി നിലനിർത്തിക്കൊണ്ടുപോകുവാൻ കർത്താവു തുണയ്ക്കുമാറാകട്ടെ. വിശ്വാസം മാറ്റിമറിക്കുവാനിടവരരുത്. പിശാചിന്റെ തന്ത്രങ്ങളിൽ വീണുപോകരുത്. ബന്ധുക്കളല്ലാത്തവർ നമ്മുടെ വീട്ടിൽ പാർത്താലും അവരെ കരുതിയും ബഹുമാനിച്ചും പെരുമാറണം. നമ്മെക്കുറിച്ച് ദുഷ്യം പറയുവാൻ ഇടവരാതിരിക്കത്തക്കവണ്ണം നമ്മുടെ അവരോടുള്ള പെരുമാറ്റം നിർമ്മലമായിരിക്കട്ടെ. നമുക്കുവേണ്ടി വേലചെയ്യുന്നവരെ കരുതുന്ന മനോഭാവം നമുക്കുണ്ടായിരിക്കണം. നമ്മുടെ വീട്ടിൽ പാർക്കുവാൻ വരുന്നവർ കുബുദ്ധികളാണെങ്കിൽ കൂടി അവർ നിർമ്മല മാനസരായി

രൂപാന്തരപ്പെടുവാൻ നാം മാതൃകയുള്ളവരായി തീരണം.

നയമാൻ മാന്യനും മഹാനും പരാക്രമ ശാലിയും ആയിരുന്നുവെങ്കിലും കുഷ്ഠരോഗി യായിരുന്നുവെന്നു പറഞ്ഞിരുന്നുവല്ലോ (2 രാജാ. 5:1). സ്നേഹിതരേ, നാം എത്ര ഉന്നതരാ യിരുന്നാലും നമുക്കും കഠിനരോഗം ബാധിച്ചെ ന്നുവരാം. അപ്പോൾ ദൈവാശ്രയമാണ് അനുപേ ക്ഷണീയം. നയമാൻ അങ്ങനെതന്നെ ചെയ്തു. കുഷ്ഠരോഗം നയമാന്റെ ദൈവവിശ്വാസവും അനുസരണവും മൂലം പാടേ ഇല്ലാതാകുകയാ യിരുന്നു. പക്ഷേ, വിശ്വാസികളേ, നമ്മുടെ ജീവി തത്തിലും ഒരു കുറവുണ്ടെങ്കിൽ വിശ്വാസ ത്താലും അനുതാപത്താലും പരിഹരിച്ച് മുമ്പോട്ടു പോകണം. ഒരു പക്ഷേ ആ ന്യൂനത മുൻകോപമോ നിഗളമോ അസൂയയോ ആയി രിക്കാം. അത് ചൂണ്ടിക്കാണിച്ചു തരുന്നവരോട് വിദ്വേഷം പുലർത്താതെ ആ ദോഷം വിട്ട കന്നുകൊള്ളണമെന്നാണ് വേദപുസ്തകപ്ര മാണം. സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ എന്തുചെയ്യണമെന്ന് ആരാഞ്ഞ ഒരു യുവാവി നോട് പറഞ്ഞത്, നിനക്ക് ഒരു കുറവുണ്ടെ ന്നാണ്. പക്ഷേ, ധനികനായ അവൻ അതു പരി ഹരിക്കാതെ ദുഃഖിതനായി ഓടി മറയുകയായി രുന്നു. നയമാന്റെ കുറവ് അവൻ പരിഹരിച്ചതു പോലെ നമ്മുടെ ആത്മീയകുറവും പരിഹരിച്ചു പോകണം. അതിന് രക്ഷിക്കുന്നവനായ ദൈവ ത്തെമാത്രം ആശ്രയിച്ചാൽ മതിയാകും. നമ്മുടെ ജീവിതത്തിലെ കുറവുകൾ പരിഹരിച്ച് ക്രിസ്തീയ ജീവിതം നയിക്കാം. അരാമിലെ അരു മയായ അടിമപെൺകുട്ടി ഉപകാരഹസ്തം നീട്ടി ക്കൊടുത്ത് ശ്രേഷ്ഠയായതുപോലെ നാമും അനുഗ്രഹിക്കപ്പെടുവാൻ ഇടവരുമാറാകട്ടെ. എപ്പോഴും മറ്റുള്ളവരെ ശ്രേഷ്ഠരായി എണ്ണു വാൻ ദൈവം നമ്മെ സഹായിക്കട്ടെ.

---

*18 ന്റെ തുടർച്ച* ***(ക്രമക്കേടുകൾ)***

ഒരു സമൂഹത്തെ സൃഷ്ടിക്കാൻ നമുക്കൊരു മിച്ചു മുന്നോട്ടു നീങ്ങാം.

രവീന്ദ്രനാഥ ടാഗോറിന്റെ ഒരു കവിത യിൽ രണ്ടു കാലും മുകളിലേക്കുയർത്തിപ്പിടിച്ച് മലർന്നു കിടക്കുന്ന ഒരു പക്ഷിയുടെ വിവരണം ഉണ്ട്. "നീ എന്തിനാണ് ഇങ്ങനെ കിടക്കുന്നത്" എന്നു ചോദിക്കുമ്പോൾ "ആകാശം ഇടിഞ്ഞു വീഴാൻ തുടങ്ങുന്നു. ഞാനതിനെ താങ്ങിപ്പി ടിക്കാൻ ശ്രമിക്കുകയാണ്". എന്നാണു മറുപടി. "അല്ലയോ കുഞ്ഞുപക്ഷീ, നിനക്കതിനു കഴി യുമോ'' എന്നു വീണ്ടും ചോദിക്കുമ്പോൾ അവൾ മറുപടി പറയുന്നു". One does what one can"

അതെ, നമുക്കു ചെയ്യാൻ കഴിയുന്നതു നമുക്കും ചെയ്യാം; അതൊരു കടമയാണ്, കർത്ത വ്യമാണ്. നമ്മോടും ഈ സമൂഹത്തിനോടും പിന്നെ മനോഹരമായ ഒരു ജന്മം തന്നനുഗ്രഹിച്ച ദൈവത്തോടും....

## Quest 48 - ലെ ശരി ഉത്തരങ്ങൾ അയച്ചവർ

1. അന്നമ്മ മാത്യൂ നന്തൻകോട്, തിരുവനന്തപുരം
2. അന്നമ്മ എബ്രഹാം പെരുമാന്നൂർ, കൊച്ചി.
3. ഷീജ എൻ. ആറാമട, തിരുവനന്തപുരം
4. സി.എം. മാമ്മൻ, അണുശക്തിനഗർ, മുംബൈ
5. ബ്ലെസി കെ. ശാമുവേൽ ഓമല്ലൂർ, പത്തനംതിട്ട
6. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
7. ജിജി റോയി, മാഞ്ഞൂർ, കോട്ടയം
8. വൽസമ്മ സാം, മരുതൂർ, തിരുവനന്തപുരം
9. ഗ്രേസിക്കുട്ടി തോമസ്സ്, ഓമല്ലൂർ, പത്തനംതിട്ട
10. സുജ സുനിൽ, ആറാംകല്ല്, കരകുളം
11. ബീനാ സുരേഷ്, പുറവൂർകോണം, കരകുളം
12. മറിയാമ്മ മാത്യു, കിഴക്കുംപാട്ടുകര, തൃശ്ശൂർ
13. ഗിൽഡാ ജോൺ, മൈലക്കര, തിരുവനന്തപുരം

*Quest 48 - ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.*
*വിജയികൾക്കു അഭിനന്ദനങ്ങൾ.*

ക്വിസ് മാസ്റ്റർ

# Quest 47

**(ഈ ലക്കം Quest – ലെ ചോദ്യങ്ങൾ യോശുവയുടെ പുസ്തകത്തിൽ നിന്നുമാണ്)**

1. യോശുവ ഗിൽഗാലിൽ എത്ര കല്ല് നാട്ടി.
2. യഹൂദാ ഗോത്രത്തിൽ പിടിക്കപ്പെട്ട കുലം ഏത് ?
3. യോസേഫിന്റെ അസ്ഥികളെ അടക്കം ചെയ്ത സ്ഥലം?
4. എനിക്ക് ഒരു അനുഗ്രഹം തരേണം. ആര് ആരോട് പറഞ്ഞു?
5. എഴുന്നേല്ക്ക നീ ഇങ്ങനെ സാഷ്ടാംഗം വീണ് കിടക്കുന്നത് എന്തിന്? ആര് ആരോട് പറഞ്ഞു?
6. ദെബീരിന്റെ പഴയ പേര്?
7. യോശുവ യിസ്രയേൽമക്കളെ അവസാനമായി അഭിസംബോധനചെയ്തതെവിടെ വച്ച്?
8. മിസ്രയീമിന്റെ കിഴക്കുള്ള ദേശം ഏത്?
9. യോശുവയുടെ കാലത്തുണ്ടായിരുന്ന ഹാസോർ രാജാവ് ആര്?
10. യെയാരിം മലയുടെ വേറൊരു പേര് എന്ത്?
11. ആ യാഗപീഠം യഹോവയുടെ യാഗപീഠത്തിന്റെ എന്തുരൂപമാണെന്ന് സൂചിപ്പിച്ചു?
12. എഫ്രയീമ്യരുടെ ഇടയിൽ ഊഴിയവേല ചെയ്യുന്ന ജാതികൾ?
13. പിതാവിന്റെ അവകാശത്തിനുവേണ്ടി പരാതി പറഞ്ഞ സ്ത്രീകൾ ആരെല്ലാം?
14. ബേഥേലിന്റെ മറ്റൊരു പേര്?
15. യഹോവ യിസ്രയേലിൽ മക്കളുടെ നിന്ദ ഉരുട്ടിക്കളഞ്ഞ സ്ഥലം?
16. നിങ്ങളെത്തന്നേ ശുദ്ധീകരിപ്പിൻ. ആര് ആരോട് പറഞ്ഞു?
17. ന്യായപ്രമാണപുസ്തകത്തിൽ ഉള്ളത് എവിടെനിന്നും നീങ്ങിപ്പോകരുത്?
18. യഹോവയുടെ ഉഗ്രകോപം മാറിയ സ്ഥലം?
19. ആരാണ് യോശുവയെ സഹായത്തിനായി വിളിച്ചത്?
20. നിയമപെട്ടകത്തിനും യിസ്രയേൽ മക്കൾക്കും ഇടയിൽ എന്തകലം ഉണ്ടായിരിക്കണം?

**പ്രത്യേക ശ്രദ്ധയ്ക്ക**

ക്വെസ്റ്റ് 49-ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം 2016 ആഗസ്റ്റ് 20-നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്നു അഭ്യർത്ഥിക്കുന്നു.

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം : ക്രൈസ്തവ വനിത, പി.ബി. നമ്പർ 3026, നാലാഞ്ചിറ, തിരുവനന്തപുരം – 695015

## Quest 48 – ഉത്തരങ്ങൾ

| | | |
|---|---|---|
| 1. | ഉപദേശം | ആവർത്തനം 32:2 |
| 2. | വിധവയുടെ വസ്ത്രം | ആവർത്തനം 24:17 |
| 3. | ദൈവം മോശെയോട് | ആവർത്തനം 3:26 |
| 4. | വേശ്യയുടെ കൂലിയും, നായുടെ വിലയും | ആവർത്തനം 23:18 |
| 5. | ദുശ്ശാഠ്യമുള്ള ജനം | ആവർത്തനം 9:13 |
| 6. | ഹൃദയത്തിന്റെ | ആവർത്തനം 10:16 |
| 7. | ആർ | ആവർത്തനം 2:9 |
| 8. | ചെത്താത്ത കല്ല്കൊണ്ട് | ആവർത്തനം 27:6 |
| 9. | പിസ്ഗായുടെ മുകളിൽ | ആവർത്തനം 34:1,2 |
| 10. | അനാക്യർ | ആവർത്തനം 9:2 |
| 11. | ബെന്യാമിൻ | ആവർത്തനം 33:12 |
| 12. | യേരിഹോ | ആവർത്തനം 34:3 |
| 13. | അമ്മോന്യനോ, മോവാബ്യനോ | ആവർത്തനം 23:3 |
| 14. | ഓഗ് | ആവർത്തനം 1:4 |
| 15. | ശിലാസ്തംഭം | ആവർത്തനം 16:22 |
| 16. | അരാമ്യനായി | ആവർത്തനം 26:5 |
| 17. | യഹോവ മോശെയോട് | ആവർത്തനം 31:2 |
| 18. | ഏബാൽ | ആവർത്തനം 27:13 |
| 19. | സംസുമ്മ്യർ | ആവർത്തനം 2:20 |
| 20. | മിസ്രയീം | ആവർത്തനം 4:20 |





പുതിയ പുസ്തകങ്ങൾ




## വന്ന വഴികളിലേക്ക് ഒരു തിരിഞ്ഞുനോട്ടം.

സുവിശേഷഘോഷണത്തിനായി ദൈവിക വാഗ്ദാനങ്ങളും മാതാപിതാക്കന്മാരുടെ അനുഗ്രഹവും മാത്രം മുറുകെപ്പിടിച്ചുകൊണ്ട് ഭർത്താവ് ചാൾസ് അഞ്ചനുമൊന്നിച്ച് കർണ്ണാടകത്തിലേക്കു 'എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും' എന്ന വചനം അന്വർത്ഥമാക്കിക്കൊണ്ട് 1951ൽ ഇറങ്ങിത്തിരിച്ച ശ്രീമതി മേരി അഞ്ചൻ എന്ന അനുഗൃഹീത കർത്തൃദാസി കടന്നുപോയ വഴികളിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ശ്രീ.എം.റ്റി.ജോർജ്, കോന്നിയുടെ പ്രൗഢോജ്ജ്വലമായ അവതാരിക ഈ ആത്മകഥാകഥനത്തിന്റെ മാറ്റു വർദ്ധിപ്പിക്കുന്നു. അഞ്ചൻ ദമ്പതികൾ സമാരംഭിച്ചു നടത്തിവരുന്ന റൂറൽ ഇൻഡ്യാ ചാരിറ്റബിൾ മിഷൻ ഹോസ്പിറ്റൽ നടത്തിപ്പിനായി ഈ പുസ്തകം വിറ്റു ലഭിക്കുന്ന തുക മുഴുവനും വിനിയോഗിക്കുന്നതാണ്.

വില – 100 രൂപ.




## An Eminent Man Amidst Ancient Books

യശഃശരീരനായ പണ്ഡിറ്റ് എം. എം.ജോൺ (നോയൽ മെമ്മോറിയൽ ഹൈ സ്കൂൾ, കുമ്പനാട്) അവർകളെക്കുറിച്ച് ഇംഗ്ലീഷിലുള്ള സ്മരണിക.

വില – 60 രൂപ

**രണ്ടു പുസ്തകങ്ങളും തപാലിൽ ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ 160 രൂപാ മണി ഓർഡറായി അയയ്ക്കുക.**

വിലാസം:–

Mr. George John, Shanthisadan,
Sreekrishna Nagar, Sreekariyam 695 017
Ph: 0471-2597715, Mob: 9605486260

Evangelical Literature Services,
Kesavadasapuram, Trivandrum
*Direct purchases only.*
Tel: 0471- 244 8916 (തപാലിൽ ലഭിക്കുന്നതല്ല)


Published by Smt. Annamma C. John, Good News, Akkulam Road, Trivandrum 695011
Printed at Grace Printers, Muttada. Ph: 0471-2540523